മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*451)

**പ്രവാസികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

1(*451) ശ്രീ. എം. മുകേഷ്:
ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതനുസരിച്ചം
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലത്തെ പ്രവാസജീവിതത്തിനുശേഷം സംസ്ഥാനത്ത് തിരിച്ചെത്തുന്ന പ്രവാസികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(സി) വിദേശത്തുവച്ചുണ്ടാകുന്ന അപകടങ്ങളിൽ മാരകമായി പരിക്കേൽക്കുന്നവർക്കും ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്കും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രവാസി ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും കാലാനുസൃതമായി നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രവാസികാര്യ വകുപ്പിന് കീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>ചികിത്സാ ധനസഹായ പദ്ധതികൾ</u>:

(I) സാന്ത്വന പദ്ധതി

(II) കേരള പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയുള്ള ചികിത്സാ ധനസഹായം

പുനരധിവാസ പദ്ധതികൾ:

(I) നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM).

(II) പ്രവാസി ഭദ്രത

(III) നോർക്കാ അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME)

വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു.[+]

(സി) വിദേശത്തുവച്ചുണ്ടാകുന്ന അപകടങ്ങളിൽ മാരകമായി പരിക്കേൽക്കുന്നവർക്ക് ചികിത്സാ ധനസഹായവും ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായവും അനുവദിച്ചുവരുന്നുണ്ട്. വിവിധ സഹായങ്ങൾ/പദ്ധതികൾ ചുവടെ ചേർക്കുന്നു:

(I) പ്രവാസി രക്ഷാ ഇൻഷ്വറൻസ് പോളിസി

(II) നോർക്ക എമർജൻസി റീപാട്രിയേഷൻ

(III) നോർക്ക എമർജൻസി ആംബുലൻസ് സർവീസ് പദ്ധതി.

(IV) സാന്ത്വന പദ്ധതി

---

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(V) മരണാനന്തര ധനസഹായം

വിശദാംശങ്ങൾ അനുബന്ധം (II) ആയി ചേർക്കുന്നു.+

(ഡി) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. അംഗങ്ങൾക്കായി ബോർഡ് നടത്തിവരുന്ന ക്ഷേമ പദ്ധതികൾ സംബന്ധിച്ച് വിദേശത്തും സ്വദേശത്തുമുള്ള പ്രവാസികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും പദ്ധതികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ബ്രോഷറുകൾ, ലഘുരേഖകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. സോഷ്യൽ മീഡിയ വഴി പ്രവാസികളുമായി ആശയവിനിമയം നടത്തുന്നതിനും ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ പ്രചാരണം നൽകുന്നതിനും ശ്രമങ്ങൾ തുടർന്നുവരുന്നു.

<u>ശ്രീ. എം. മുകേഷ്</u>: സർ, അടുത്ത ലോക കേരളസഭാ സമ്മേളനം നടത്തുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. പിണറായി വിജയൻ: സർ, ലോക കേരളസഭ സമയബന്ധിതമായി നടക്കുന്ന ഒരു പരിപാടിയാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്വാഭാവികമായും ആലോചിക്കുന്നതാണ്, തീർച്ചയായും നടത്തുന്നതാണ്.

ശ്രീ. എം. മുകേഷ്: സർ, ജർമനിയിലേക്ക് നഴ്സിങ് റിക്രൂട്ട്മെന്റ് നടത്തുന്നതിന് നോർക്ക ജർമൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയുമായി ധാരണയിലെത്തിയിട്ടുണ്ടോ; ഇത്തരത്തിൽ ഇതിനോടകം ജർമനിയിൽ എത്രപേർ എത്തിയിട്ടുണ്ട്?

ശ്രീ. പിണറായി വിജയൻ: സർ, 625 നഴ്സിങ് പ്രൊഫഷണലുകൾ ഇതിനകം ജർമനിയിൽ എത്തിയിട്ടുണ്ട്. തിരഞ്ഞെടുത്ത 881 പേരുടെ ജർമൻ ഭാഷാ പഠനം പൂർത്തിയായിവരികയാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സാമ്പത്തിക സഹായം നൽകുന്ന നോർക്ക റൂട്ട്സിന്റെ ' NDPREM' എന്ന പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സംരംഭങ്ങൾ ആരംഭിച്ചവർ ഒരു പ്രത്യേക ഘട്ടത്തിലെത്തുമ്പോൾ

ബാങ്കുകൾ നൽകുന്ന വർക്കിങ് ക്യാപിറ്റൽ ഉൾപ്പെടെയുള്ള സാമ്പത്തിക പ്രയാസങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ആ പ്രയാസങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ നടത്തുമോ; അതിനെക്കുറിച്ചുള്ള എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങളിൽ സാധാരണഗതിയിൽ സഹായങ്ങൾ നൽകിവരുന്നുണ്ട്. ‘ NDPREM’ പദ്ധതിയിൽ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം വരെയുള്ള പദ്ധതികൾക്ക് 15% മൂലധന സബ്സിഡി (പരമാവധി മൂന്ന് ലക്ഷം വരെ), കുടിശ്ശികയില്ലാതെ വായ്പാ തവണ തുക അടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് ആദ്യത്തെ നാല് വർഷത്തേയ്ക്ക് 3% പലിശ സബ്സിഡി എന്നിങ്ങനെ ഈ പദ്ധതി മുഖേന നൽകുന്നുണ്ട്. 19 ബാങ്കിങ് ധനകാര്യ സ്ഥാപനങ്ങളുടെ സംസ്ഥാനത്തെ 7000-ലധികം വരുന്ന ശാഖകൾ വഴി സേവനം ലഭിക്കുന്നുവെന്നതാണ് പ്രത്യേകത. 2016 ഏപ്രിൽ മുതൽ 2021 വരെയുള്ള കണക്കെടുത്താൽ 6151-ലധികം സംരംഭങ്ങളും 2021 ഏപ്രിൽ മുതൽ 2025 മാർച്ച് 10 വരെ 4375-ലധികം പ്രവാസി സംരംഭങ്ങളും ഉൾപ്പെടെ ആകെ 10526 പ്രവാസി സംരംഭങ്ങൾ

‘ NDPREM’ പദ്ധതി വഴി ആരംഭിക്കാനായിട്ടുണ്ട്. ഇതിലൂടെ മൂലധന സബ്സിഡി ഇനത്തിൽ 90,31,00,000/- രൂപയും പലിശ സബ്സിഡി ഇനത്തിൽ 16,06,00,000/- രൂപയും വിനിയോഗിച്ചിട്ടുണ്ട്. മൊത്തം സബ്സിഡിയായി നൽകിയ തുക 106,38,00,000/- രൂപയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കേരള സർക്കാർ മുൻകയ്യെടുത്ത് നോർക്ക റൂട്ട്സ് മുഖേന വിദേശത്ത് നല്ലനിലയിൽ തൊഴിൽ സാധ്യത ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശ്രമമാണ് നടന്നുവരുന്നത്. വിദേശ തൊഴിൽ തട്ടിപ്പ് തടയാൻ ഏതൊക്കെ നിലയിലുള്ള സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ വിദേശ രാഷ്ട്രങ്ങളുമായി നേരിട്ട് ബന്ധപ്പെടാൻ കഴിയുന്നുണ്ട്. സംസ്ഥാന പദ്ധതി എന്ന നിലയ്ക്ക് സംസ്ഥാനത്തുള്ളവരെ ഇതുപോലൊരു ഔദ്യോഗിക ഏജൻസി മുഖേന റിക്രൂട്ട് ചെയ്യുന്നതിൽ പല രാജ്യങ്ങളും നല്ല താൽപര്യമാണ് പ്രകടിപ്പിക്കുന്നത്. അതിന്റെ ഭാഗമായി വലിയ തോതിലുള്ള ഓഫറുകൾ പലയിടത്തുനിന്നും വന്നുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, മികച്ച തൊഴിൽ നൈപുണ്യമുള്ളവരാണ് കേരളത്തിലെ ആരോഗ്യപ്രവർത്തകരെന്ന് ഇതിനകംതന്നെ മതിപ്പ് നേടിയിട്ടുണ്ട്. കേരളത്തിൽനിന്നും ആരോഗ്യ പ്രവർത്തകരെ നോർക്ക റൂട്ട്സ് വഴി യുണൈറ്റഡ് കിങ്ഡം, അതുപോലെ മറ്റ് വിദേശ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് റിക്രൂട്ട് ചെയ്യുന്ന പദ്ധതി കൂടുതൽ വിപുലപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് വിപുലപ്പെടുത്താൻതന്നെയാണ് സർക്കാരിന്റെ പദ്ധതി. അതിന്റെ ഭാഗമായി ഒരു പ്രശ്നമുണ്ടാകുന്നത് വിദേശരാജ്യങ്ങളിലുള്ള ഭാഷ അറിയണമെന്നുള്ളതാണ്. അതിനായി ഭാഷാ പഠനത്തിനുള്ള സൗകര്യങ്ങൾ ഇവിടെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അതുവഴി കൂടുതൽ എളുപ്പത്തിൽ അത്തരം രാജ്യങ്ങളിൽ ജോലി ലഭിക്കാനിടയാകും. അതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, കോഴിക്കോട് വിമാനത്താവളത്തിൽനിന്ന് ഹജ്ജിനുപോകുന്ന ആളുകൾക്ക് മാത്രം നെടുമ്പാശ്ശേരി, കണ്ണൂർ വിമാനത്താവളങ്ങളിൽനിന്ന് പോകുന്നവരെക്കാൾ 40,000/- രൂപയോളം

അധികം വിമാന ടിക്കറ്റ് നിരക്ക് നൽകേണ്ടി വരുന്ന സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് പരിഹാരം കാണാൻ പരിശ്രമിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് മുഖ്യമന്ത്രി ഇടപെട്ടാൽ പരിഹാരം കാണാൻ കഴിയുന്ന ഒരു പ്രശ്നമല്ല. എന്നിരുന്നാലും മുഖ്യമന്ത്രി എന്ന നിലയ്ക്ക് ആ പ്രശ്നം നമുക്ക് ഉന്നയിക്കാം, നേരത്തെയും ഉന്നയിച്ചിട്ടുണ്ട്; ഉന്നയിച്ചുകൊണ്ടേയിരിക്കുകയാണ്. പക്ഷെ അതിന് പരിഹാരമില്ലെന്നത് മാത്രമാണ്, ഇനിയും ഉന്നയിക്കാം.

ശ്രീ. വി. ജോയി: സർ, പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം നല്ലരീതിയിലാണ് നടക്കുന്നത്. ചില അവസരങ്ങളിലെങ്കിലും അത് മുടങ്ങിപ്പോകുകയോ അല്ലെങ്കിൽ പുതുതായി അംഗത്വമെടുക്കാൻ സാധിക്കാത്തതോ ആയ സാഹചര്യമുണ്ട്. ചില സന്ദർഭങ്ങളിൽ അവർക്ക് അനുവാദം നൽകുന്നുണ്ട്. ഇനിയുമത് തുടരുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ നാം കാണേണ്ടത് ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സയ്ക്ക് ഒരു അംഗത്തിന് മുഴുവൻ അംഗത്വ

കാലയളവിൽ 50,000/- രൂപ എന്ന പരിധി വച്ചുകൊണ്ടാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. അത് സാധാരണഗതിയിൽ നല്ലനിലയിൽത്തന്നെ നടന്നുവരുന്നുണ്ട്. അത്തരം കാര്യങ്ങളിൽ മറ്റ് തടസ്സങ്ങളുണ്ടാകുന്നില്ല എന്നതാണ് കാണാൻ കഴിയുന്നത്. പ്രവാസജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തുന്ന സാമ്പത്തികവും ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിനാണ് ഒരു സമാശ്വാസ പദ്ധതി എന്ന നിലയ്ക്ക് 'സാന്ത്വന' പദ്ധതി തുടങ്ങിയത്. ഈ പദ്ധതി മുഖേന മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, അംഗപരിമിത പരിഹാര ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം എന്നിങ്ങനെ നൽകിവരുന്നുണ്ട്. ഇതിൽ പരിശോധിച്ചാൽ കാണാൻ കഴിയുന്നത്, 2016-21 കാലയളവിൽ 15956 കുടുംബങ്ങൾക്ക് 95,26,00,000/- രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട് എന്നുള്ളതാണ്. 2021 മുതൽ 2025 മാർച്ച് 10 വരെയെടുത്താൽ 17502 പ്രവാസി കുടുംബങ്ങൾക്ക് 106,48,00,000/- രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇതുവരെയുള്ള മൊത്തം കണക്കെടുത്താൽ 33458 പ്രവാസി

കുടുംബങ്ങൾക്ക് സഹായമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് നല്ലനിലയ്ക്ക് ആ പദ്ധതികൾ നടക്കുന്നുണ്ടെന്നാണ് കാണുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, നമ്മുടെ അനേകം സഹോദരിമാർ വിദേശ രാജ്യങ്ങളിലേക്ക് വീട്ടുജോലിക്കായി ഏജന്റുമാർ മുഖേന പണം നൽകിപ്പോകുകയാണ്. അവർ ആഗ്രഹിച്ചതുപോലെയുള്ള ജോലിയോ വേതനമോ ലഭിക്കാതെ തിരിച്ചുവരാൻ അവർ ശ്രമിക്കുമ്പോൾ വിവിധ പ്രശ്നങ്ങളുണ്ടാകുകയാണ്. അവർക്ക് നാട്ടിലേയ്ക്ക് വരാൻ കഴിയാതെ കുടുങ്ങിക്കിടക്കുന്ന സാഹചര്യങ്ങളുണ്ട്. ഇക്കാര്യത്തിൽ എംബസിയുടെ ഇടപെടൽ വേണ്ടരീതിയിൽ ഉണ്ടാകുന്നില്ലെന്ന പരാതികളുമുണ്ട്. ഇത്തരം ജോലികൾക്കായി വിദേശത്ത് പോകുന്നവർക്ക് ബോധവൽക്കരണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഗൗരവമായ പ്രശ്നമാണിത്. നമ്മുടെ സഹോദരിമാരിൽ പലരും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെയുള്ള തട്ടിപ്പിന് ഇരയാകുന്നുണ്ട്. അതിന്റെ ഭാഗമായി

വളരെയധികം വിഷമങ്ങൾ അനുഭവിക്കേണ്ടിവന്ന നിരവധി ആളുകളുണ്ട്. ഇക്കാര്യത്തിൽ തുടർച്ചയായി ബോധവൽക്കരണ പരിപാടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഏതൊരു വിദേശ രാജ്യത്ത് ജോലിക്ക് പോകുമ്പോഴും, ആ ജോലി സ്വീകരിക്കുന്നവർക്ക് എംബസി മുഖേന സൗകര്യമൊരുക്കുകയെന്നതാണ് ഏറ്റവും നല്ലരീതിയിലുള്ള പരിഹാര മാർഗം. അവർക്ക് എംബസിയുമായി ബന്ധപ്പെടാൻ കഴിയണം. എവിടെയാണോ തൊഴിൽ ചെയ്യേണ്ടത്, ആ തൊഴിലുടമ എംബസിയുമായി ബന്ധപ്പെട്ട് ടി ആളെ സ്വീകരിക്കുന്ന രീതിയുണ്ടാകണം. അങ്ങനെ വന്നാൽ മറ്റുതട്ടിപ്പുകളോ ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുകയോ (മറ്റുപ്രയാസങ്ങൾ) ചെയ്യുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും. ഏതെങ്കിലും വിധത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അത് എംബസിയുടെ ഉത്തരവാദിത്വമായിവരും. നിർഭാഗ്യവശാൽ, രാജ്യത്തെ പൗരന്മാരുടെ കാര്യത്തിൽ ഇത്തരമൊരു നിലപാട് കേന്ദ്ര ഗവൺമെന്റ് ഇതുവരെ സ്വീകരിക്കാൻ തയ്യാറായിട്ടില്ല. വിവിധഘട്ടങ്ങളിൽ ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. ഇനിയും ആ ആവശ്യം നമുക്ക് കൂട്ടായി ഉന്നയിക്കേണ്ടതുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇവിടെ നൽകിയ മറുപടിയുടെ തുടർച്ചയായിട്ടുള്ള ചോദ്യമാണിത്. വനിതകൾക്ക് ബോധവൽക്കരണം നൽകുന്നതിനോടൊപ്പം അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നോർക്ക റൂട്ട്സിന്റെ വനിതാ സെൽ പൂർണ്ണമായും സജ്ജമായിട്ടുണ്ടോ; അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, നോർക്ക റൂട്ട്സിൽ നല്ലരീതിയിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിൽ മറ്റുപ്രയാസങ്ങൾ ആർക്കും നേരിടേണ്ടിവരുന്നില്ലെന്നതാണ് കാണാൻ സാധിക്കുന്നത്. നോർക്ക റൂട്ട്സ് മുഖേന വിദേശത്തേക്ക് പോകുന്ന പ്രവാസികളുടെ കാര്യത്തിൽ വിവിധതരത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്നത് കാണാൻ സാധിക്കും. ഇനിയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ദീർഘകാലത്തെ പ്രവാസ ജീവിതത്തിനുശേഷം നാട്ടിലേക്ക് ആരോഗ്യവാന്മാരായി മടങ്ങിവരുന്നവരിൽ സ്കിൽഡായിട്ടുള്ള നിരവധിപേരുണ്ട്. കേരളത്തിനുവേണ്ടി, അവരുടെ നീണ്ടകാലത്തെ എക്സ്പീരിയൻസും സ്കില്ലും

(സംരംഭകരായോ/തൊഴിലാളികളായോ) ഉപയോഗിക്കുന്നതിന് എന്തെങ്കിലും സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അത്തരം ആളുകളുടെ സഹായം സ്വീകരിക്കുന്നതിനായി വിപുലമായ പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ചിട്ടുള്ളത്. അതിനാവശ്യമായ നടപടികൾ നല്ലരീതിയിൽ തുടരുന്നുണ്ട്. അതിൽ നാട്ടിലേക്ക് മടങ്ങിയെത്തിയവരുടെ കാര്യത്തിൽ മാത്രമല്ല, വിദേശരാജ്യങ്ങളിൽ, നിരവധി മേഖലകളിൽ പ്രവർത്തിക്കുന്ന ധിഷണാശാലികളായ ആളുകളുടെ സഹായം സ്വീകരിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഇവിടെയുള്ളവർ മുൻകൈയെടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾ മാത്രമല്ല, മറ്റുതരത്തിൽ സംസ്ഥാനത്തെ സഹായിക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികൾക്കും സഹായം തേടുന്നുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, വിദേശത്തുവച്ചുണ്ടാകുന്ന അപകടങ്ങളിൽ പരിക്കേൽക്കുകയും ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്നവർക്ക് നൽകുന്ന ധനസഹായത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ

സൂചിപ്പിച്ചിട്ടുണ്ട്. പെട്ടെന്നുണ്ടാകുന്ന എന്തെങ്കിലും അപകടംമൂലം/ രോഗംമൂലം വിദേശത്തുവച്ച് മരണപ്പെടുന്നവരുടെ മൃതശരീരങ്ങൾ നാട്ടിലെത്തിക്കാൻ നോർക്കയ്ക്ക് എത്രമാത്രം ഫലപ്രദമായി ഇടപെടാൻ കഴിയുന്നുണ്ട്; അത് മോണിറ്റർ ചെയ്യാൻ എന്തെങ്കിലും സംവിധാനമുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. ഇക്കാര്യത്തിൽ അവിടെയുള്ള എംബസിയും അതോടൊപ്പം നമ്മുടെ സഹോദരങ്ങൾ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമെല്ലാം സഹായിക്കുന്നുണ്ട്. അതോടൊപ്പം നോർക്കയും ഈ രംഗത്ത് നല്ല പങ്കാളിത്തം വഹിക്കുന്നതായി കാണാൻ സാധിക്കും. കൂടാതെ, വിദേശത്ത് ആറുമാസത്തിൽക്കൂടുതൽ താമസിച്ചുവരുന്ന പ്രവാസികൾക്ക് ഏതെങ്കിലും വിധത്തിലുള്ള അപകടങ്ങൾ സംഭവിച്ചാൽ 'പ്രവാസിരക്ഷ ഇൻഷ്വറൻസ് പോളിസി' നിലവിൽ നടപ്പാക്കിവരുന്നുണ്ട്. അതിൽ ഗുരുതര അസുഖങ്ങൾക്ക് 1,00,000/- ലക്ഷം രൂപയും അപകട മരണത്തിന് 2,00,000/- ലക്ഷം രൂപയും അപകടംമൂലമുള്ള വൈകല്യത്തിന് പരമാവധി 1,00,000/- ലക്ഷം രൂപയുമാണ് നൽകുന്നത്. ഇത്തരത്തിലുള്ള പരിരക്ഷ നൽകിവരുന്നുണ്ട്.

പോളിസിയുടെ പ്രീമിയം തുക 649 രൂപയും അതിന്റെ കാലാവധി ഒരു വർഷവുമാണ്. 2021 മുതൽ 2025 ജനവരി 10 വരെയുള്ള കാലയളവെടുത്താൽ 47749 പ്രവാസി കേരളീയർ ഈ ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളായിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വലിയ സഹായം നൽകിയവരാണ് പ്രവാസികൾ. വളരെ നാളുകൾക്കുമുമ്പ് വിദേശത്ത് പോയി, സാധാരണതരത്തിലുള്ള ജോലികൾ ചെയ്ത് തിരിച്ചുവന്നവരാണ്, ഇന്നത്തെ കാലഘട്ടത്തിലേത് പോലെയല്ല. അത്തരം തിരിച്ചുവന്നയാളുകൾക്ക് ഇവിടെയുള്ള ക്ഷേമനിധി ബോർഡിൽനിന്ന് പെൻഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. അതിൽ നിരവധി മാനദണ്ഡങ്ങളുണ്ട്. 60 വയസ്സുവരെ മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ, 60 വയസ്സ് കഴിഞ്ഞയുടനെ അപേക്ഷിച്ചാൽ അവർക്ക് ആ പെൻഷൻ ലഭിക്കില്ല. അങ്ങനെയുള്ളവർ ക്ഷേമനിധിയിൽ തുക അടച്ചാലും പെൻഷൻ ലഭിക്കാത്തതരത്തിലുള്ള മാനദണ്ഡങ്ങളുണ്ട്, അത്തരത്തിലുള്ള നിരവധി പ്രയാസങ്ങളുണ്ട്. മറ്റൊന്ന്, അവരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനും സാധിക്കുന്നില്ല. ആയതിനാൽ

ഇത് പരിഹരിച്ച് അവർക്കുള്ള മാനദണ്ഡങ്ങളിൽ ചെറിയ ഇളവുകൾ വരുത്തി തുകയടച്ചവർക്ക് പെൻഷൻ ലഭിക്കുന്നതിനും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുകയെന്നത് പരിശോധിക്കേണ്ട കാര്യമാണ്. നിലവിൽ അതിന്റെ ഭാഗമായി നല്ലരീതിയിൽ ആളുകൾ തയ്യാറാകുന്നുണ്ട്. കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യാവുന്നതാണ്. നേരത്തെ ബഹുമാന്യനായ അംഗം മാത്യു ടി. തോമസ് ചോദിച്ച ചോദ്യത്തിന് നോർക്ക എമർജൻസി റിപാട്രിയേഷൻ ഫണ്ടും (Norka Emergency Repatriation Fund) നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ പദ്ധതിയും നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിലൂടെയാണ് മരിച്ചവരുടെ ബോഡി കൊണ്ടുവരുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്യുന്നത്.

## തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം

2 (*452) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് രണ്ട് മാസത്തിലേറെയായി വേതനം ലഭിക്കാത്ത സാഹചര്യം ഗൗരവമായി കാണുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ജോലിക്കെത്തിയ തൊഴിലാളികളുടെ മസ്റ്ററിങ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്താൽ 15 ദിവസംകൊണ്ട് ലഭിക്കുമായിരുന്ന വേതനം ഇപ്പോൾ വൈകാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം കുടിശ്ശികയുൾപ്പെടെ നൽകി പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ&ബി) ഈ സാഹചര്യം സർക്കാർ ഗൗരവമായിട്ടാണ് കാണുന്നത്. സംസ്ഥാനത്തെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിലവിൽ (19-03-2025) വേതന ഇനത്തിൽ 546.67 കോടി രൂപ കുടിശ്ശികയുണ്ട്. 2023-24 വർഷത്തിൽ 10.5 കോടി തൊഴിൽ ദിനങ്ങൾ അനുവദിച്ചിരുന്ന സാഹചര്യത്തിൽനിന്നും മാറി, 2024-25 വർഷത്തേക്ക് 10.5 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബജറ്റ് പ്രൊപ്പോസൽ സംസ്ഥാനം സമർപ്പിച്ചിട്ടും 6 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ചിരുന്നത്. നിലവിൽ (19-03-2025) 8.57 കോടി തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി സംസ്ഥാനത്തിന്റെ ലേബർ ബജറ്റ് കേന്ദ്രസർക്കാർ പുതുക്കി നൽകിയിട്ടില്ല. ഡിമാന്റിനനുസൃതമായി തൊഴിൽ ദിനങ്ങൾ നൽകണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടായിട്ടും, ഓരോ ഘട്ടത്തിലും ലേബർ ബജറ്റ് പുതുക്കി നൽകാൻ അപേക്ഷ നൽകിയിട്ടും കേന്ദ്ര സർക്കാരിൽനിന്നും നടപടിയുണ്ടാകാത്തതാണ് കുടിശ്ശികയ്ക്ക് കാരണം. 2025-

26 വർഷത്തേയ്ക്ക് 11 കോടി തൊഴിൽദിനങ്ങളുടെ ലേബർ ബജറ്റിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടും 5 കോടി തൊഴിൽ ദിനങ്ങൾമാത്രമാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ധ വേതനം DBT (Direct Benefit Transfer) സംവിധാനം മുഖേന, കേന്ദ്ര സർക്കാർ നേരിട്ടാണ് തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നത്. കുടിശ്ശികയുൾപ്പെടെ വേതനവിതരണം നടത്തി പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാരുമായി നിരന്തരം ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന മിഷൻ ഡയറക്ടറും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേന്ദ്ര ഗ്രാമവികസന വകുപ്പ് സെക്രട്ടറിക്ക് നൽകിയ കത്തുകൾക്കുപുറമെ മന്ത്രിതലത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിക്കും കത്ത് നൽകിയിട്ടുണ്ട്. 07-03-2025-ൽ ഡൽഹിയിൽ വച്ചുനടന്ന എംപവേർഡ് കമ്മിറ്റിയിലും ടി വിഷയം ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, യു.പി.എ. സർക്കാർ കൊണ്ടുവന്ന രാജ്യത്തിനുതന്നെ മാതൃകയായ പദ്ധതിയാണ് തൊഴിലുറപ്പ് പദ്ധതി. എന്നാൽ കഴിഞ്ഞവർഷം കേരളത്തിൽ തൊഴിലുറപ്പ് ജോലിയെടുക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവാണ് കാണപ്പെടുന്നത്. ഏകദേശം ഒന്നര ലക്ഷം പേരാണ് തൊഴിലുറപ്പ് പദ്ധതിയിൽനിന്നും ഒഴിവായിരിക്കുന്നത്. പുതുതായി രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണത്തിലും കുറവുവന്നിട്ടുണ്ട്. ഏത് സാഹചര്യത്തിലാണ് ഇത്രയും വലിയ കുറവ് വന്നതെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, 2024-25 വർഷത്തേയ്ക്ക് പത്തര കോടി തൊഴിൽദിനങ്ങളുടെ പ്രൊപ്പോസലാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ മുമ്പിൽവച്ചത്. പത്തര കോടി തൊഴിൽ ദിനങ്ങൾ ആവശ്യപ്പെട്ടപ്പോൾ ആറുകോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് അനുവദിച്ചത്. എന്നാൽ 19-03-2025 വരെയുള്ള കണക്കനുസരിച്ച് 8.57 കോടി തൊഴിൽ ദിനങ്ങൾ അനുവദിച്ചതിന്റെ 146 ശതമാനം തൊഴിൽ ദിനങ്ങൾ സംസ്ഥാനം സൃഷ്ടിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ആറുകോടി തൊഴിൽ ദിനങ്ങൾ മാത്രമെ

അനുവദിച്ചിട്ടുള്ളുവെന്നതുകൊണ്ട് വലിയൊരു തുക കുടിശ്ശികയാക്കി നിർത്തിയിരിക്കുകയാണ്. കേരളത്തിന് ലഭിക്കാനുള്ള കുടിശ്ശികയുടെ കണക്കെടുത്ത് പരിശോധിച്ചാൽ, വേതനയിനത്തിൽ 578.1255 കോടി രൂപയും മെറ്റീരിയൽ ഘടക ഇനത്തിൽ 57.3148 കോടി രൂപയും ഭരണചെലവ് ഘടക ഇനത്തിൽ 176.5367 കോടി രൂപയും കുടിശ്ശികയാണ്. ആകെ പരിശോധിച്ചാൽ കേന്ദ്രത്തിൽനിന്നും തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിന് ലഭിക്കാനുള്ള കുടിശ്ശിക 811.977 കോടി രൂപയാണ്. ഇത്രയും വലിയ തുക കുടിശ്ശികയുള്ളതിൽ ഗണ്യമായ കുടിശ്ശികയായ 578 കോടി രൂപ, കൂലിയിനത്തിലാണ് ലഭിക്കാനുള്ളത്. ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. കഴിഞ്ഞതവണ പത്തര കോടി ആവശ്യപ്പെട്ടപ്പോൾ ആറ് കോടി അനുവദിക്കുകയും 8.57 കോടി നമ്മൾ സൃഷ്ടിക്കുകയും ചെയ്തു. ബാക്കി തുക അനുവദിച്ചിട്ടില്ല. 2025-26-ലേയ്ക്കുള്ള ലേബർ ബജറ്റ് പ്രൊപ്പോസലിൽ 11 കോടി തൊഴിൽദിനങ്ങൾ സർക്കാർ ആവശ്യപ്പെട്ടതിൽ വെറും 5 കോടിയാണ് അനുവദിച്ചത്. എന്നുപറഞ്ഞാൽ ആവശ്യപ്പെട്ടതിന്റെ പകുതിയിൽ താഴെയാണ് അനുവദിച്ചത്. കഴിഞ്ഞതവണ 6 കോടി അനുവദിച്ചതിൽ ഇത്തവണ വീണ്ടും

വെട്ടിക്കുറച്ചു. ഇതാണ് കേന്ദ്ര സർക്കാരിന്റെ സമീപനം. ഈ സമീപനമാണ് കേരളത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുന്നത്. ഇതെല്ലാമുണ്ടായിട്ടും ഇന്ത്യയിൽ ഏറ്റവും നന്നായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന സംസ്ഥാനം കേരളമാണ്. കേന്ദ്ര ഗവൺമെന്റ് തൊഴിലുറപ്പിനെ ആസൂത്രിതമായി ഇല്ലാതാക്കികൊണ്ടിരിക്കുന്നുവെന്നതാണ് ഇവിടത്തെ പ്രശ്നം. ഓരോ യൂണിയൻ ബജറ്റ് വരുമ്പോഴും തൊഴിലുറപ്പിനുള്ള വിഹിതം ആനുപാതികമായി വെട്ടിക്കുറയ്ക്കുകയാണെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. ഇപ്പോൾ, demand-driven scheme ആണ്. ആക്റ്റനുസരിച്ചുതന്നെ ആവശ്യപ്പെടുന്നവർക്കെല്ലാം ജോലി നൽകാൻ കേന്ദ്ര സർക്കാരിന് ഉത്തരവാദിത്വമുണ്ട്. പക്ഷേ കേരളത്തിൽ 8.57 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചുവെന്ന് പറഞ്ഞാൽ.., നിരവധിതവണ കേരള സർക്കാർ കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ട്. കാരണം demand-driven ആണ്, ഇവിടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അനുവദിച്ചതിന്റെ 85.64 ശതമാനമായപ്പോൾതന്നെ ലേബർ ബജറ്റ് പുതുക്കാൻ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കത്ത് നൽകിയെങ്കിലും ഒരു പ്രതികരണവുമുണ്ടായില്ല. 93.5

ശതമാനം അധികരിച്ചപ്പോൾ വീണ്ടുമൊരു പ്രൊപ്പോസൽ നൽകിയെങ്കിലും ഒരു പ്രതികരണമോ നടപടിയോ സ്വീകരിച്ചില്ല. അതിനുശേഷം മിഷൻതലത്തിലും പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലൊക്കെ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് കത്തുകൾ നൽകിയിട്ടുണ്ട്. എംപവേർഡ് കമ്മിറ്റി മീറ്റിങ് ചേർന്നപ്പോൾ അവിടെയും ഈ പ്രശ്നം ഉന്നയിച്ചുവെങ്കിലും ഒരു പ്രതികരണവുമുണ്ടായില്ല. ഒടുവിൽ മന്ത്രിതലത്തിൽ, മന്ത്രിയെന്ന നിലയിൽ കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിക്ക് തൊഴിൽദിനങ്ങൾ വർധിപ്പിച്ച് നൽകണമെന്ന് അഭ്യർഥിച്ചുകൊണ്ട് കത്തയച്ചുവെങ്കിലും ഒരു പ്രതികരണവുമുണ്ടായില്ല. കേരളത്തിൽനിന്നുള്ള എം.പി.-മാർ കൂട്ടായി വളരെ ഗൗരവത്തോടെ ഇടപെടേണ്ട വിഷയമാണിത്. സംസ്ഥാനത്തിന് ലഭിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കേന്ദ്ര പദ്ധതിയാണിത്. അതിന്റെ അവസ്ഥയാണിത്. അതിന് കൂട്ടായുള്ള സമ്മർദം ഉയർന്നുവരേണ്ടതുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, കേന്ദ്രത്തിന്റെ ഒരു പ്രഖ്യാപിത നയംപോലെ, ഈ പദ്ധതിയെ ഘട്ടംഘട്ടമായി ഇല്ലാതാക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്രം നടത്തികൊണ്ടിരിക്കുന്നത്. അതോടൊപ്പം തൊഴിലുറപ്പ്

തൊഴിലാളികളെ സംബന്ധിച്ച് തൊഴിലിടങ്ങളിലെ നിബന്ധനകൾ കൂടുതൽ കർക്കശമായികൊണ്ടിരിക്കുകയാണ്. കേവലം 346 രൂപയാണ് അവർക്ക് ലഭിക്കുന്നത്. പക്ഷേ അധ്വാനം കൂടികൊണ്ടിരിക്കുകയും കൂടുതൽ നിബന്ധനകൾ വരികയും ചെയ്യുന്നു. ഇത്തരം കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? തൊഴിലാളികളെ സംബന്ധിച്ച് 346 രൂപ വർധിപ്പിക്കണമെന്ന് ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളവും അത്തരമൊരു നിർദേശം കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ വച്ചിട്ടുണ്ടോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, നിബന്ധനകളെല്ലാം അടിച്ചേൽപ്പിക്കുന്നതും തുടർച്ചയായി പുതിയ നിബന്ധകൾ കൊണ്ടുവരുന്നതും നേരത്തെ സൂചിപ്പിച്ചതിന്റെ തുടർച്ചയാണ്. തൊഴിലുറപ്പിനെ ഒറ്റയടിക്ക് നിർത്തലാക്കാനാവില്ല. അപ്പോൾ ആസൂത്രിതമായി അതിനെ അനാകർഷകമാക്കി മാറ്റുകയെന്നതാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്ന സമീപനം. അതിനുവേണ്ടിയാണ് ഈ നിബന്ധനകൾ അടിച്ചേൽപ്പിക്കുന്നത്. അതുകൊണ്ടാണ് തൊഴിൽദിനങ്ങൾ വെട്ടിക്കുറയ്ക്കുന്നതും കുടിശ്ശിക ദീർഘകാലം

നിലനിർത്തുന്നതും. ചെയ്തുകഴിഞ്ഞ പണിക്ക് കൂലി ലഭിക്കാത്ത സ്ഥിതിവരുമ്പോൾ ആളുകൾക്ക് ആ തൊഴിലിൽ താൽപര്യമില്ലാതെവരും. അങ്ങനെ അനാകർഷകമാക്കി തൊഴിലാളികളെ ഇതിൽനിന്നകറ്റാനുള്ള വളരെ ആസൂത്രിതമായ നീക്കമാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കൂലിയുടെ കാര്യം പറഞ്ഞാൽ, മിനിമം കൂലി ലഭിക്കുന്നില്ലെന്നത് വസ്തുതയാണ്. മിനിമം കൂലി നൽകേണ്ടതാണ്. 03-03-2025-ൽ തൊഴിലും നൈപുണ്യവും വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനപ്രകാരം കേരളത്തിലെ കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് കഠിനമായ ജോലിക്ക് 830/-രൂപയും കാഠിന്യം കുറഞ്ഞ ജോലിക്ക് 710/-രൂപ നിരക്കിലുമാണ് ശിപാർശ ചെയ്തിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്രം നിശ്ചയിച്ചിട്ടുള്ള തുക 346/-രൂപയാണ്. കേരളത്തിന്റെ കാര്യത്തിൽ മിനിമം കൂലിയുടെ പകുതി തുകപോലും ലഭിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. എന്നാൽ സംസ്ഥാന സർക്കാർ ചില വ്യത്യസ്തമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. നൂറുദിവസം ജോലിയെടുത്തവർക്ക് 1000/-രൂപ ഓണം അലവൻസ് നൽകുന്നുണ്ട്. ഇന്ത്യയിൽ കേരളം മാത്രമാണ് അത് നടപ്പാക്കുന്നത്. ട്രൈബൽ മേഖലയിൽ 'ട്രൈബൽ പ്ലസ്' നടപ്പാക്കുന്നുണ്ട്.

കേന്ദ്രനിയമത്തിൽ നൂറുദിവസമാണ് തൊഴിൽദിനമായി അനുവദിക്കുന്നത്. എന്നാൽ സംസ്ഥാനം നൂറുദിവസം അധിക തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. കേരളത്തിൽ 'ട്രൈബൽ പ്ലസ്' -ന്റെ ഭാഗമായി പട്ടികവർഗ്ഗമേഖലയിൽ മാത്രം 19 കോടിയോളം രൂപ അധികമായി ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. മിനിമം വേജസിന് അർഹതയുണ്ടെന്ന് 2011-ൽ കർണ്ണാടക ഹൈക്കോടതിയുടെ വിധിയുണ്ട്. എന്നാൽ കർണ്ണാടക ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അന്നത്തെ കേന്ദ്രഗവൺമെന്റ്, യു.പി.എ. ഗവൺമെന്റുതന്നെ അപ്പീലിന് പോകുകയാണ് ചെയ്തിട്ടുള്ളത്. ആ കർണ്ണാക ഹൈക്കോടതി മിനിമം കൂലി നൽകണമെന്ന വിധിക്കെതിരായി പാർലമെന്റിൽ അന്നത്തെ ഗ്രാമവികസന വകുപ്പുമന്ത്രി ശ്രീ. ജയറാം രമേശ് നൽകിയിട്ടുള്ള മറുപടിയുമുണ്ട്. Minimum Wages Act പ്രകാരമുള്ള കൂലി നൽകണമെന്ന് പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ നിരന്തരമായ ശിപാർശകളുണ്ട്. ഇതിനുമുമ്പുള്ള കേന്ദ്രഗവൺമെന്റും ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റുമൊക്കെ അത് അവഗണിക്കുകയാണ് ചെയ്തിട്ടുള്ളത്. 2013-ൽ യു.പി.എ. ഗവൺമെന്റുതന്നെ നിയോഗിച്ച, മഹേന്ദ്ര ദേവ് കമ്മിറ്റി, ഓരോ

സംസ്ഥാനങ്ങളിലും നിലനിൽക്കുന്ന മിനിമം കൂലി, അല്ലെങ്കിൽ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന കൂലി ഏതാണോ കൂടുതൽ അത് നൽകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. അതും പാലിക്കപ്പെട്ടിട്ടില്ല. കേന്ദ്ര ഗവൺമെന്റുകളൊന്നുംതന്നെ അത് പാലിച്ചിട്ടില്ല. അഗ്രിക്കൾച്ചറൽ കൺസ്യൂമർ പ്രൈസ് ഇൻഡെക്സ് പ്രകാരമാണ് കൂലി നിശ്ചയിക്കുന്നത്. അതിനുപകരം റൂറൽ കൺസ്യൂമർ പ്രൈസ് ഇൻഡെക്സിന്റെ അടിസ്ഥാനത്തിലായിരിക്കണം കൂലി നിശ്ചയിക്കേണ്ടതെന്ന് മഹേന്ദ്ര ദേവ് കമ്മിറ്റിയുടെ ശിപാർശയുണ്ട്. ഈ ശിപാർശകളൊക്കെ അവഗണിക്കപ്പെട്ടിരിക്കുകയാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റ് തൊഴിലുറപ്പ് പദ്ധതി കൊണ്ടുവന്നപ്പോൾ ഇന്ത്യയുടെ സാമ്പത്തിക ഭദ്രതയെത്തന്നെ കൂടുതൽ സുരക്ഷിതമാക്കി. കാരണം പണത്തിന്റെ റൊട്ടേഷൻ നടക്കും. സാധാരണക്കാരായ ജനങ്ങൾ മാർക്കറ്റിലേയ്ക്ക് പോകുന്നു. കേന്ദ്രഗവൺമെന്റ് ഈ പദ്ധതിയെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മൂന്നുമാസമായി തൊഴിലുറപ്പ് തൊഴിലാളികൾ കഠിനാധ്വാനം നടത്തി ജോലി ചെയ്ത തുകയാണ് നൽകാനുള്ളത്. കേന്ദ്ര ഗവൺമെന്റിൽനിന്നും

ലഭിക്കാനുള്ളതാണെങ്കിൽ, കേന്ദ്ര ഗവൺമെന്റിൽ കൂടുതൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് സാധാരണക്കാരായ തൊഴിലുറപ്പ് തൊഴിലാളികളുടെ തുക എന്നത്തേയ്ക്ക് നൽകാൻ സാധിക്കും?

ശ്രീ. എം. ബി. രാജേഷ്: സർ, അതിനുള്ള മറുപടി നേരത്തെ സൂചിപ്പിച്ചിരുന്നു. സംസ്ഥാനം നിരന്തരം ആവശ്യപ്പെട്ടിരുന്നു. കൂലി, മെറ്റീരിയൽ ഘടകം, ഭരണച്ചെലവ് എന്നീ മൂന്ന് ഇനങ്ങളിലുമായി 811.977 കോടി രൂപ കുടിശ്ശികയാണ്. അത് കേന്ദ്ര ഗവൺമെന്റ് നേരിട്ടാണ് നൽകുന്നത്. സംസ്ഥാനം വാങ്ങി നൽകുകയല്ല. DBT (Direct Benefit Transfer) മുഖേന കേന്ദ്രം നേരിട്ട് നൽകുന്നതാണ്. ശ്രീ. അൻവർ സാദത്തിന് സ്വാധീനിക്കാൻ സാധിക്കുന്ന 18 എം.പി.-മാർ ഡൽഹിയിലുണ്ട്. അവരോടുകൂടി ഇക്കാര്യം ആവശ്യപ്പെടുക. സംസ്ഥാന സർക്കാർ നിരന്തരം എല്ലാതലങ്ങളിലും കത്തയ്ക്കുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. പ്രതിപക്ഷവും ഭരണപക്ഷവും കൂട്ടായി സമ്മർദ്ദം ചെലുത്തി അത് വാങ്ങിയെടുക്കണം.

ശ്രീമതി കെ. കെ. രമ: സർ, തൊഴിലുറപ്പ് തൊഴിലാളികളിൽനിന്ന് മേറ്റുമാരായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് അതിന്റെ മാനദണ്ഡവുമായി

ബന്ധപ്പെട്ട് ഈ സർക്കാർ ചില ഭേദഗതികൾ വരുത്തിയിരുന്നു. അതുപ്രകാരം പത്താം ക്ലാസ് പാസായിരിക്കുകയോ കുടുംബശ്രീ അംഗമായിരിക്കുകയോ ചെയ്യുന്നതാണ് ഒരു ഭേദഗതി. അതിൽ പലപ്പോഴും മേറ്റുമാരെ ലഭിക്കാൻ പ്രയാസം അനുഭവിക്കുകയാണ്. ഒന്നുകിൽ പത്താം ക്ലാസ് പാസായവർ കുടുംബശ്രീ അംഗമായിരിക്കാത്തവരും കുടുംബശ്രീ അംഗങ്ങളിൽ പത്താം ക്ലാസ്സ് പാസാകാത്തവരും അല്ലെങ്കിൽ പ്രായമായ ആളുകളുണ്ടാകും. ഇങ്ങനെ നിരവധി പ്രയാസങ്ങൾ നേരിടുന്നുണ്ട്. അത് മാറ്റാനായി കുടുംബശ്രീ അംഗമായ കുടുംബാംഗങ്ങളെക്കൂടി മേറ്റുമാരായി തീരുമാനിക്കാൻ കഴിയുമോ എന്ന ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് വളരെ സമഗ്രമായ നിയമമാണ് യു.പി.എ. സർക്കാർ കൊണ്ടുവന്നത്. ജോലി പൂർത്തിയായി പതിനഞ്ച് ദിവസത്തിനുള്ളിൽ വേതനം നൽകിയില്ലെങ്കിൽ നഷ്ടപരിഹാരം നൽകാനും പതിനഞ്ച് ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം നൽകാനുമെല്ലാം തൊഴിലുറപ്പ്

നിയമത്തിൽ വ്യവസ്ഥയുണ്ട്. സംസ്ഥാന തൊഴിലുറപ്പ് ഫണ്ടിൽനിന്നുമാണ് നഷ്ടപരിഹാരം നൽകേണ്ടത്. അതിവിടെ പാലിക്കുന്നുണ്ടോ; സംസ്ഥാന തൊഴിലുറപ്പ് ഫണ്ടിൽനിന്ന് നഷ്ടപരിഹാര തുക നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെത്രയാണെന്ന് വിശദമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, പതിനഞ്ച് ദിവസത്തിനകം വേതനം ലഭ്യമാകാത്ത സാഹചര്യത്തിൽ തൊഴിലാളികൾക്ക് 0.05 ശതമാനം കോമ്പൻസേഷൻ നൽകാനുള്ള വ്യവസ്ഥ തൊഴിലുറപ്പ് നിയമപ്രകാരമുണ്ട്. കുടിശ്ശിക വരുത്തുന്നതുകൊണ്ടുണ്ടാകുന്ന കാലതാമസത്തിന് കേന്ദ്ര സർക്കാരാണ് നഷ്ടപരിഹാരം നൽകേണ്ടത്. തൊഴിലുറപ്പ് നിയമം കേന്ദ്ര നിയമമാണ്. ആ നിയമപ്രകാരം പ്രസ്തുത പദ്ധതി കേന്ദ്ര പദ്ധതിയാണ്. അതുകൊണ്ട് കേന്ദ്ര സർക്കാരാണ് കാലതാമസം കൂടാതെ നൽകേണ്ടത്. ഇതുവരെ കേന്ദ്ര സർക്കാർ കാലതാമസം കൂടാതെ നൽകിയിട്ടില്ല. പതിനഞ്ച് ദിവസത്തിനകം വേതന വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കൃത്യസമയത്ത് സംസ്ഥാനത്ത് ചെയ്തുവരുന്നുണ്ട്. Muster roll ക്ലോസ് ചെയ്ത് ഏഴ് ദിവസത്തിനകമാണ് സംസ്ഥാനതലത്തിൽ നടപടികൾ

സ്വീകരിക്കേണ്ടത്. സംസ്ഥാനത്തെ 98% muster roll-കളും ഈ സമയപരിധി പാലിച്ചിട്ടുണ്ടെന്ന് പറയാൻ കഴിയും. അതുകൊണ്ടാണ് ഏറ്റവും മികച്ചനിലയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്ന് ഞാൻ പറഞ്ഞത്. അത് തെളിയിക്കുന്ന ചില വസ്തുതകൾകൂടി ചൂണ്ടിക്കാണിക്കുകയാണ്. ആകെ തൊഴിൽ ലഭിച്ച കുടുംബങ്ങളിൽ 100 തൊഴിൽദിനം പൂർത്തിയാക്കിയ കുടുംബങ്ങളുടെ ശതമാനമെടുത്താൽ ഇന്ത്യയിലൊന്നാമത് കേരളമാണ്. 100 ദിവസം പൂർത്തിയാക്കിയ പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങളുടെ ശതമാനം പരിശോധിച്ചാൽ ഇന്ത്യയിലൊന്നാമത് കേരളമാണ്. പട്ടികജാതി വിഭാഗത്തിൽ 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ ശതമാനമെടുത്താൽ ഇന്ത്യയിലൊന്നാമത് കേരളമാണ്. എസ്.സി. വിഭാഗത്തിന്റെ ശരാശരി തൊഴിൽദിനങ്ങളെടുത്താൽ ഇന്ത്യയിലൊന്നാമത് കേരളമാണ്. വനിതകൾക്ക് സൃഷ്ടിച്ചിട്ടുള്ള ആകെ തൊഴിൽദിനങ്ങളുടെ ശതമാനമെടുത്താൽ ഇന്ത്യയിലൊന്നാമത് കേരളമാണ്. 2024-25 സാമ്പത്തിക വർഷത്തെ കണക്കാണിത്. അതുപോലെ ശരാശരി എസ്.ടി. വിഭാഗത്തിന്റെ തൊഴിൽദിനങ്ങളെടുത്താൽ ഇന്ത്യയിൽ രണ്ടാമത്

കേരളമാണ്. ആ നിലയിൽ പ്രധാനപ്പെട്ട ഏത് മാനദണ്ഡമെടുത്താലും കേരളം ഒന്നാമതാണ്. ഒരു മാനദണ്ഡത്തിൽ കേരളം ഇന്ത്യയിൽ രണ്ടാമതാണ്. അതിനുപുറമെയാണ് കേരളത്തിന്റെ സ്വന്തമായിട്ടുള്ള 'ട്രൈബൽ പ്ലസ്', നഗര തൊഴിലുറപ്പ് പദ്ധതി എന്നിവ. ഇതെല്ലാം കേരളത്തിന്റെ തനതായ പദ്ധതികളാണ്. ഇങ്ങനെ ഭംഗിയായി നടപ്പാക്കുന്ന ഒരു സംസ്ഥാനത്തോടാണ് കേന്ദ്രസർക്കാർ ഈ വിവേചനം കാണിക്കുന്നത് എന്നതാണ് നാം കാണേണ്ടത്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഇപ്പോൾ തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകി വരുന്ന കൂലി 346 രൂപയാണ്. ഒരു ദിവസം ജോലി ചെയ്താൽ 600/- രൂപ കൂലി ലഭിക്കണമെന്നും 200 തൊഴിൽ ദിനങ്ങൾ ഏർപ്പെടുത്തണമെന്നുമുള്ളതാണ് ഇന്ത്യയിലെ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകൾ ഉന്നയിക്കുന്ന ആവശ്യം. ഈ ആവശ്യമുൾപ്പെടെ ഉന്നയിച്ചുകൊണ്ട് മേയ് 20-ാം തീയതി എല്ലാ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളും ചേർന്ന് അഖിലേന്ത്യാ തലത്തിൽ പണിമുടക്കുകയാണ്. ഈ

പ്രശ്നത്തിൽ കേരളത്തിലെ ഗവൺമെന്റിന്റെ നിലപാടെന്താണെന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇന്ത്യയിൽ ഏറ്റവും ഉയർന്ന മിനിമം കൂലി നിശ്ചയിച്ചിട്ടുള്ളതും ഏറ്റവും ഉയർന്ന മിനിമം കൂലി ലഭിക്കുന്നതും കേരളത്തിലാണെന്ന കാര്യം നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. അത് കേരളത്തിന്റെ ജനകീയ സമര പാരമ്പര്യങ്ങളുടെയും തൊഴിലാളികൾ നടത്തിയിട്ടുള്ള സമരങ്ങളുടെയുമെല്ലാം ഫലമായി കേരളം കൈവരിച്ച നേട്ടമാണ്. കേരളത്തിന്റെ സാമൂഹിക പുരോഗതിയുടെയും നേട്ടമാണ്. പണിയെടുക്കുന്നവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു സർക്കാർ എന്ന നിലയിൽ മിനിമം കൂലി ലഭിക്കണമെന്നത് തന്നെയാണ് സംസ്ഥാന സർക്കാരിന്റെയും അഭിപ്രായം. ഞാൻ നേരത്തെ സൂചിപ്പിച്ച, 2005-ൽ തൊഴിലുറപ്പ് നിയമം ആദ്യം വിഭാവനം ചെയ്തപ്പോൾ മിനിമം കൂലി കൊടുക്കണമെന്നാണ് നിശ്ചയിച്ചിരുന്നത്. നേരത്തെ ബഹുമാനപ്പെട്ട ചില അംഗങ്ങൾ പറഞ്ഞു, ഡോ. മൻമോഹൻ സിങ് സർക്കാരിന്റെ വിപ്ലവകരമായിട്ടുള്ള നിയമനിർമ്മാണമാണ് അതെന്ന്. എന്നാൽ മിനിമം കൂലി

എന്നതിൽ വെള്ളം ചേർത്തതും അതേ സർക്കാർ തന്നെയാണ്. ഞാനിവിടെ ഒരു കാര്യം ചൂണ്ടിക്കാണിച്ചിരുന്നു, 2011-ൽ കർണ്ണാടക ഹൈക്കോടതി മിനിമം കൂലിക്ക് അർഹതയുണ്ടെന്ന് വിധിച്ചപ്പോൾ അതിനെതിരെ അപ്പീൽ പോയത് യു.പി.എ. ഗവൺമെന്റാണ്. പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റികൾ ഉൾപ്പെടെയുള്ളവരുടെ ശിപാർശ തള്ളിയത് യു.പി.എ. ഗവൺമെന്റാണ്. കേരളത്തിൽ നിലവിലുള്ള മിനിമം കൂലിയുടെ പകുതിയിൽ താഴെയാണ് മറ്റ് പല സംസ്ഥാനങ്ങളിലുള്ളത്. മിനിമം കൂലിയെന്ന ആവശ്യത്തോട് യോജിപ്പാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, തരിശുരഹിത കേരളമെന്നത് ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയായി മാറിക്കൊണ്ടിരിക്കുകയാണ്. നിലമൊരുക്കുന്നതിന് ഉപയോഗപ്പെടുത്താൻ കഴിയുന്നൊരു വിഭാഗമാണ് തൊഴിലുറപ്പ് തൊഴിലാളികൾ. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് കുടുംബശ്രീയും കൃഷിക്കൂട്ടങ്ങളും കർഷകരുമെല്ലാം പാട്ടത്തിന് ഭൂമിയെടുത്ത് കൃഷിചെയ്യാൻ സന്നദ്ധരാണ്. സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, സർവീസ് പെൻഷൻ വാങ്ങുന്നവർ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണ്

ഏറ്റവും കൂടുതൽ തരിശായി കിടക്കുന്നത്. ആ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ഒരുക്കുമ്പോൾ അതിൽ നിലമൊരുക്കാൻ MNREGA (Mahatma Gandhi National Rural Employment Guarantee Act 2005) തൊഴിലാളികൾക്ക് അനുമതി ലഭിക്കുന്നില്ലെന്നൊരു പരാതിയുണ്ട്. അത് പരിഹരിക്കാൻ നമുക്ക് ഏത് തരത്തിൽ ഇടപെടാൻ കഴിയും?

ശ്രീ. എം. ബി. രാജേഷ്: സർ, കേന്ദ്ര സർക്കാരിന്റെ നിബന്ധനയ്ക്ക് അനുസരിച്ച് മാത്രമേ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ കഴിയൂ. കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്കകത്ത് വരുന്നതാണെങ്കിൽ നമുക്ക് ഇക്കാര്യത്തിൽ ഇടപെടൽ നടത്താം. തരിശ് നിലം കൃഷിയോഗ്യമാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പ്രധാനപ്പെട്ടത് തന്നെയാണ്. പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾ, പൊതു കുളങ്ങളുടെ പുനഃരുദ്ധാരണം, കാർഷിക കുളങ്ങളുടെ നിർമ്മാണം, ഗ്രാമീണ റോഡുകൾ, സ്കൂളുകൾക്കുള്ള ശുചിമുറി നിർമ്മിക്കൽ, സ്കൂൾ അടുക്കളകൾ, സ്കൂൾ ചുറ്റുമതിലുകൾ, കളിസ്ഥലങ്ങളുടെ നിർമ്മാണം തുടങ്ങിയവയെല്ലാം തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. മാത്രമല്ല 'മാലിന്യ മുക്ത നവകേരളം' എന്ന

ലക്ഷ്യം കൈവരിക്കുന്നതിന് തൊഴിലുറപ്പിനെ നന്നായിട്ട് തന്നെ നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. ശുചിത്വ കേരളത്തിന്റെ ഭാഗമായി 13795 സോക് പിറ്റ്, 3878 കമ്പോസ്റ്റ് പിറ്റ് എന്നിവ ലഭ്യമാക്കാൻ നമുക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്.

## തൃശ്ശൂർ പൂരം നടത്തിപ്പിന്റെ മുൻകരുതൽ നടപടികൾ

3(*453) ശ്രീ. പി. നന്ദകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഗസറ്റ് നോട്ടിഫിക്കേഷനിലെ നിബന്ധനകൾ നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് ബന്ധപ്പെട്ട ദേവസ്വം അധികൃതർ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നോട്ടിഫിക്കേഷന്റെ വിശദാംശം അറിയിക്കുമോ;

(സി) ഈ വിഷയം പരിഗണിച്ച് പോലീസുമായി സംയുക്ത പരിശോധന നടത്തി ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതിന് അവലോകന യോഗത്തിൽ ജില്ലാ ഭരണകൂടത്തെ ചുമതലപ്പെടുത്തുകയുണ്ടായോ; വിശദമാക്കുമോ;

(ഡി) ദേശീയ-വിദേശ സഞ്ചാരികളെയും വിശ്വാസികളെയും ആകർഷിക്കുന്നതിനും പൂരം ആസ്വദിക്കുന്നതിനും ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നതിനും സുതാര്യവും സുരക്ഷിതവുമായ അന്തരീക്ഷമൊരുക്കുന്നതിന് ആവശ്യമായ മുൻകരുതൽ കൈക്കൊണ്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ മഹിമ വിളിച്ചോതുന്ന തൃശ്ശൂർ പൂരം ഭംഗിയായി നടത്തുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടെ ഉറപ്പുവരുത്തിക്കൊണ്ട് ലോകപ്രശസ്തമായ തൃശ്ശൂർ പൂരം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുള്ള നിർദേശങ്ങൾ ചർച്ച ചെയ്യുന്നതിന് 01-03-2025-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നിരുന്നു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഗസറ്റ്

വിജ്ഞാപനത്തിലെ നിബന്ധനകൾ നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ യോഗം വിശദമായി ചർച്ച ചെയ്തിരുന്നു. ഇക്കാര്യത്തിൽ സാധ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ശ്രീ. പീയൂഷ് ഗോയലിന് മുഖ്യമന്ത്രി ഉൾപ്പെടെ കത്ത് നൽകിയിട്ടുണ്ടെന്ന വിവരം യോഗത്തിൽ അറിയിച്ചിട്ടുണ്ട്. പൂരം നടത്തിപ്പിൽ യാതൊരു അനിശ്ചിതത്വവും ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികളാണ് യോഗം ചർച്ച ചെയ്തത്.

(ബി) നോട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിക്ക് അയച്ച കത്ത് അനുബന്ധം-I ആയും* നോട്ടിഫിക്കേഷന്റെ പകർപ്പ് അനുബന്ധം-II ആയും* ചേർക്കുന്നു.

11-10-2024-ന് കേന്ദ്ര സർക്കാർ എക്സ്പ്ലോസീവ് ചട്ടങ്ങളിൽ കൊണ്ടുവന്ന ഭേദഗതി തൃശ്ശൂർ പൂരം ഉൾപ്പെടെ സംസ്ഥാനത്ത് വിവിധ ആരാധനാലയങ്ങളിൽ നടക്കുന്ന വെടിക്കെട്ടുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതാണ്. വെടിക്കെട്ട് പുരയിൽനിന്നും 200 മീറ്റർ അകലെയാകണം വെടിക്കെട്ട് നടത്തേണ്ടത് എന്നതാണ് പ്രധാന ഭേദഗതി. വെടിക്കെട്ട് സ്ഥലത്തെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാരിക്കേഡിൽനിന്ന് 100 മീറ്റർ അകലെയായിരിക്കണം വെടിക്കെട്ട് വീക്ഷിക്കുന്നവരെ നിർത്തേണ്ടതെന്നും നിബന്ധനയുണ്ട്. വെടിക്കെട്ടിന് ഉപയോഗിക്കുന്ന ഇരുമ്പ് പൈപ്പുകളുടെ ഉപയോഗത്തിലും ചില മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നു. ഇത് ഉൾപ്പെടെ 35 ഭേദഗതികളാണ് വിജ്ഞാപനത്തിലുള്ളത്.

(സി) ദേവസ്വങ്ങൾ ഉന്നയിച്ചിട്ടുള്ള ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ജില്ലാ ഭരണകൂടവും പോലീസുമായി ചേർന്ന് കേന്ദ്ര നിയമമായ PESO Act പ്രകാരം പരിശോധന നടത്തി ഉചിതമായ നടപടി സ്വീകരിക്കണമെന്ന് യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പോലീസും ജില്ലാ ഭരണകൂടവും നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

(ഡി) മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിലെ തീരുമാനപ്രകാരം 14-03-2025-ന് തൃശ്ശൂർ കളക്ടറേറ്റിൽ ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട കേന്ദ്ര സഹമന്ത്രി, റവന്യൂ, ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ, മേയർ, എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഉദ്യോഗസ്ഥർ, തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾ,

കൊച്ചിൻ ദേവസ്വം ബോർഡ് എന്നിവരെ പങ്കെടുപ്പിച്ച് അവലോകനയോഗം ചേർന്നിരുന്നു.

പൂരം നടത്തിപ്പ് സുഗമമാക്കുന്നതിന് ആവശ്യമായ സൗകര്യം ഒരുക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ വകുപ്പുകളോടും നിർദേശിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി അവലോകന യോഗങ്ങൾ നടത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, തൃശ്ശൂർ പൂരത്തിന്റെ മഹത്വം ഏവർക്കും അറിയാവുന്നതാണ്. പൂരത്തിന്റെ പൂരമാണ് തൃശ്ശൂർ പൂരം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ എടുക്കുന്ന നേതൃത്വപരമായ പങ്കിനെയും ഇടപെടലിനെയും ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം പൂരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഗസറ്റ്

നോട്ടിഫിക്കേഷൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് ദേവസ്വം അധികൃതർ എന്തെങ്കിലും നിർദേശങ്ങൾ വച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഇപ്പോഴത്തെ പുതിയ ഭേദഗതികളും മറ്റ് വ്യവസ്ഥകളുമെല്ലാം നമ്മുടെ ദേവസ്വങ്ങൾക്ക് പൊതുവിൽ വലിയ ആശങ്ക ഉളവാക്കിയതാണ്. അത് തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട ദേവസ്വങ്ങൾക്കും ബാധകമായതുകൊണ്ട് തന്നെ അവർ ധാരാളം ആശങ്കകൾ ആ യോഗത്തിൽ ഉന്നയിച്ചിരുന്നു. അത് സ്വാഭാവികമായും പരിഹരിക്കുന്നതിനാണ് നേരത്തെ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ശ്രീ. പീയുഷ് ഗോയലിന് കത്ത് അയച്ചിട്ടുള്ളത്. അതിന് ആവശ്യമായ പരിഹാരമുണ്ടാകണമെന്ന് തന്നെയാണ് സംസ്ഥാനത്തിന്റെ നിലപാട്.

ശ്രീ. പി. നന്ദകുമാർ: സർ, നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി തൃശ്ശൂർ പൂരമുൾപ്പെടെയുള്ള ഉത്സവങ്ങളും പൂരങ്ങളും നേർച്ചകളും പെരുനാളുകളും ആചാര പ്രകാരം സുഗമമായി നടത്തുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കാൻ നിയമപരമായ മാർഗനിർദേശങ്ങൾ തയ്യാറാക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് സംസ്ഥാനത്തിന്റെ ഏതെങ്കിലും തരത്തിലുള്ള ഇടപെടലിന്റെ ഭാഗമായി തടസ്സങ്ങൾ വരുന്നുണ്ടെങ്കിലാണ് സംസ്ഥാനത്തിന് ഇക്കാര്യത്തിൽ മറ്റൊരു നിയമത്തിന്റെ കാര്യം ആലോചിക്കാൻ സാധിക്കുക. ഇവിടെ കേന്ദ്ര നിയമമാണ് വന്നിരിക്കുന്നത്. കേന്ദ്രം ചില നിർദേശങ്ങളും ഭേദഗതികളും കൊണ്ടുവന്നിരിക്കുന്നു. അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് പ്രത്യേകമായി ഇടപെട്ട് നിയമം കൊണ്ടുവരാൻ സാധാരണ ഗതിയിൽ കഴിയില്ല. അതിന് കേന്ദ്ര ഗവൺമെന്റിന്റെ തന്നെ നിലപാടിൽ മാറ്റങ്ങൾ ആവശ്യമാണ്. ആ മാറ്റത്തിന് വേണ്ടിയുള്ള സമ്മർദ്ദമാണ് നാം ചെലുത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കഴിഞ്ഞ വർഷത്തെ പൂരം ചെറിയ പ്രശ്നങ്ങളുണ്ടാക്കിയെന്നുള്ളത് വസ്തുതയാണ്. പക്ഷേ, അതില്ലാതാക്കാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തന്നെ ഈ വർഷം നേരത്തെ അതിനെ സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ നടത്തിക്കൊണ്ട് എടുത്തിട്ടുള്ള തീരുമാനങ്ങൾ അഭിനന്ദനാർഹമാണ്. എന്റെ ചോദ്യം ആചാരാനുഷ്ഠാനങ്ങൾക്ക് കോട്ടം തട്ടാതെ വെടിക്കെട്ട്, ആന എഴുന്നള്ളിപ്പ്

എന്നിവ നിലവിലുള്ള നിയമങ്ങളും കോടതി ഉത്തരവുകളും പാലിച്ച് നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. പിണറായി വിജയൻ: സർ, അതിനുള്ള ശ്രമമാണ് നടത്തി വരുന്നത്. ആചാരാനുഷ്ഠാനങ്ങൾക്കും മറ്റും വിഘ്നങ്ങളുണ്ടാകാതെ പരിപാടികളെല്ലാം ഭംഗിയായി നടത്താൻ കഴിയണമെന്ന് തന്നെയാണ് സർക്കാരും ദേവസ്വവും എല്ലാവരും ആഗ്രഹിക്കുന്നത്. അതിന് ചില തടസ്സങ്ങൾ ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ് നിലപാടുകൾ ഉണ്ടാക്കുന്നുണ്ട്. അത് മാറ്റിയെടുക്കാനുള്ള ശ്രമവും ഇതിന്റെ കൂടെ നടത്തുകയാണ്. ഏതായാലും പൂരം ഭംഗിയായി നടത്തുക എന്നുള്ളതിൽ തന്നെയാണ് സംസ്ഥാന സർക്കാർ നിൽക്കുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, മേയ് 6-ന് നടക്കുന്ന ഈ വർഷത്തെ തൃശ്ശൂർ പൂരം പഴുതടച്ച സുരക്ഷകൾ ഉറപ്പാക്കി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എടുത്തതിൽ പൂരപ്രേമികൾ ആകമാനം സന്തോഷത്തിലാണ്. പൂരത്തിലെ ഒരു പ്രധാനപ്പെട്ട ആകർഷക ഘടകമാണ് ആനകൾ. അതിന് നാട്ടാന ഓണർഷിപ്പ് സർട്ടിഫിക്കറ്റ് സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ലഭ്യമാക്കാൻ

കാലതാമസം വരുന്നുവെന്ന കാര്യം ശ്രദ്ധയിലുള്ളതാണ്. ആയതിനാൽ ആനകളുടെ വിശ്രമവും പൊതുജനങ്ങളുടെ സുരക്ഷയും ഉറപ്പാക്കി ആനകളെ എഴുന്നള്ളിക്കാൻ ആവശ്യമായ നടപടികളെടുക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആനകൾക്ക് മറ്റ് പ്രയാസങ്ങൾ വരാതിരിക്കാനാണ് കോടതികളുടെ ഭാഗത്തുനിന്നും ഇടപെടലുകൾ വരുന്നത്. അതുതന്നെയാണ് നമ്മുടെയും താൽപര്യം. തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട് ആനകൾക്ക് പ്രയാസമുണ്ടാക്കണമെന്ന് നമ്മൾ ആഗ്രഹിക്കുന്നില്ല. എന്നാൽ പൂരം ഭംഗിയായി നടക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അക്കാര്യത്തിൽ ഏറക്കുറെ ധാരണകളായിട്ടുണ്ട്. ആനയുടെ എഴുന്നള്ളത്തും മറ്റ് കാര്യങ്ങളും വലിയ കുഴപ്പമില്ലാതെ നടത്താൻ കഴിയുമെന്ന് തന്നെയാണ് ഇപ്പോൾ വന്നിട്ടുള്ള വിവരം.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ലോക പ്രശസ്തമായ തൃശ്ശൂർ പൂരത്തിൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് വിശ്വാസികളുടെയും വിനോദസഞ്ചാരികളുടെയും അഭിലാഷത്തെ മുൻനിർത്തി ആറ് വർഷങ്ങൾക്കുമുമ്പ് അങ്ങ് അതിന്റെ എല്ലാ ചടങ്ങുകളിലും മണിക്കൂറുകളോളം

പങ്കെടുത്ത ഓർമ്മ പങ്കുവയ്ക്കുകയാണ്. അങ്ങയോടൊപ്പം ആ ചടങ്ങ് വീക്ഷിക്കാൻ ഞാനുമുണ്ടായിരുന്ന ആ നിമിഷം ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. പൂരങ്ങളുടെ പൂരമായ തൃശ്ശൂർ പൂരം ഭംഗിയായി നടത്തുന്നതിന് അങ്ങ് എടുത്തിട്ടുള്ള മുൻകൈയെയും നടപടികളെയും ഞാൻ അഭിനന്ദിക്കുകയാണ്. അവലോകന യോഗത്തെത്തുടർന്ന് ജില്ലാ ഭരണകൂടത്തെ ചുമതലപ്പെടുത്തിയത് അനുസരിച്ച് അതിന്റെ തുടർപ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വിലയിരുത്തലുകൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട് ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന വിവരം നേരത്തെ പറഞ്ഞതാണ്. അതിനുപുറമെ റവന്യൂ വകുപ്പുമന്ത്രിയും ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് മറ്റൊരു യോഗം നടത്തിയിട്ടുണ്ട്. അത്തരം നടപടികളെല്ലാം കൃത്യമായി നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ തുടർച്ചയായ വിലയിരുത്തലുകൾ നടത്തി തന്നെയാണ് മുന്നോട്ടുപോകുന്നത്. ആന എഴുന്നള്ളിപ്പിൽ ആനകൾ തമ്മിലുള്ള ദൂരം നിശ്ചയിക്കാൻ ജില്ലാതല മോണിറ്ററിങ് കമ്മിറ്റിയെ ചുമതലപ്പെടുത്താമെന്ന സർക്കാർ നിർദേശം കോടതി

അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അതനുസരിച്ച് തൃശ്ശൂരിൽ ജില്ലാ മോണിറ്ററിങ് കമ്മിറ്റി യോഗം ചേരുകയും ഒരു മീറ്റർ ദൂരപരിധി എന്ന് നിശ്ചയിക്കുകയും ചെയ്തു. ഇത് ദേവസ്വം ബോർഡ് അടക്കം എല്ലാവരും അംഗീകരിച്ചതാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഒരു പ്രയാസവുമില്ലാതെ ആനയെഴുന്നള്ളിപ്പ് നടക്കും.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, തൃശ്ശൂർ പൂരം നടത്തിപ്പിൽ കഴിഞ്ഞ വർഷം വലിയ പ്രതിസന്ധിയാണ് നേരിട്ടത്. ആന എഴുന്നള്ളിപ്പിന്റെ കാര്യത്തിലും ആചാര അനുഷ്ഠാനങ്ങളുടെ ഭാഗമായുള്ള വെടിക്കെട്ടിന്റെ കാര്യത്തിലും അനാവശ്യമായ പോലീസ് ഇടപെടലുകളും കോടതി ഇടപെടലുകളും നിമിത്തം തൃശ്ശൂർ പൂരത്തിന്റെ ശോഭ കെടുത്തുന്ന സാഹചര്യമുണ്ടായി. തൃശ്ശൂർപൂരം മാത്രമല്ല, നെന്മാറ വല്ലങ്ങി, ഉത്രാളിക്കാവ് പൂരം അടക്കം നിരവധി ഉത്സവങ്ങളിലും പള്ളിപെരുന്നാളുകളിലും ഈ പ്രതിസന്ധി നേരിടുകയാണ്. ആയിരക്കണക്കിന് വിശ്വാസികളുടെയും വിശ്വാസത്തിന്റെയും നമ്മുടെ നാടിന്റെ സംസ്കാരത്തിന്റെയും ഭാഗമായുള്ള ഇത്തരം ഉത്സവങ്ങൾ സംരക്ഷിക്കുന്നതിന് സമഗ്രമായ നിയമം നിർമ്മിക്കുന്നതിന് തയ്യാറാകുമോ;

പൂരം എക്സിബിഷന് ദേവസ്വം ബോർഡ് അനാവശ്യമായി വർധിപ്പിച്ച തറവാടക കുറയ്ക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങൾ ഭംഗിയായി നടക്കണമെന്നതാണ് സർക്കാരിന്റെ താൽപര്യം. അതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ അവസാനം ഉന്നയിച്ച തറവാടകയുടെ പ്രശ്നം നല്ല രീതിയിൽ പരിഹരിച്ച് കഴിഞ്ഞിരിക്കുകയാണ്. അക്കാര്യത്തിൽ സർക്കാർതന്നെ നിർദേശം നൽകിയിട്ടുമുണ്ട്. അത്തരം കാര്യങ്ങളിലൊക്കെ ഇടപെടുകയും നല്ലനിലയിൽ അവയ്ക്ക് പരിഹാരം കണ്ടെത്താനുമാണ് സർക്കാർ മുൻകൈയെടുക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം പരിപാടികൾ നടക്കുമ്പോൾ ഏതെങ്കിലും ഒരു സ്ഥലത്തെ പരിപാടിയായിട്ടല്ല, നാടിന്റെ മൊത്തം പരിപാടിയായിട്ടാണ് കാണുന്നത്. അതിന് എല്ലാവിധ പിന്തുണയും നൽകുകയെന്നതാണ് സർക്കാർ ചെയ്തുവരുന്നത്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആശങ്കകളെല്ലാം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ

വിളിച്ചുചേർത്ത യോഗത്തിൽ പരിഹരിച്ചുകഴിഞ്ഞു. ഇനി ബാക്കി നിൽക്കുന്ന ഏക ആശങ്ക കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള PESO Act-ന്റെ കടുത്ത നിയന്ത്രണം വെടിക്കെട്ട് നടത്താൻ തടസ്സമാകുന്നു എന്നുള്ളതാണ്. തറവിലയുടെ ബാക്കി പ്രശ്നങ്ങളൊക്കെ പരിഹരിച്ചതിനുശേഷവും പൂരത്തിന്റെ ചാരുതയ്ക്ക് മാറ്റുകൂട്ടുന്ന വെടിക്കെട്ട് ഇപ്പോഴും ആശങ്കയിലാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശിവകാശി പടക്ക ലോബി കേരളത്തിലെ ഉത്സവങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന വെടിക്കെട്ടുകളിൽ പെസോയുമായി ബന്ധപ്പെട്ട ചില കരുനീക്കങ്ങളിലൂടെ ഇടപെടുന്നുണ്ടെന്ന് മാധ്യമങ്ങളിൽ വന്ന വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വെടിക്കെട്ട് പുരയിൽനിന്ന് 200 മീറ്റർ അകലെയും വെടിക്കെട്ട് സ്ഥലത്തെ ബാരിക്കേഡിൽനിന്ന് 100 മീറ്റർ അകലെയും ആളുകൾ നിൽക്കുക. ഇങ്ങനെയൊക്കെയുള്ള വ്യവസ്ഥകൾ കാലാകാലമായി അവിടെ നടന്നുവരുന്ന പൂരവുമായി ബന്ധപ്പെട്ട് ജനങ്ങൾ അനുഭവിച്ചുവന്നിരുന്ന സൗകര്യങ്ങളെ വല്ലാതെ പ്രയാസത്തിലാക്കുന്നതാണ്. അതുകൊണ്ടാണ് എല്ലാവരുംകൂടി ചേർന്ന് പെസോയുടെ കാര്യത്തിൽ ശക്തമായ

സമ്മർദ്ദം ചെലുത്തുന്നത്. അക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് തുടർച്ചയായി ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ നടപടികളിൽ വലിയ തോതിലുള്ള ഇളവ് ലഭിക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. പോലീസിനും മറ്റ് സുരക്ഷാ അധികൃതർക്കുമെല്ലാം ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള നിർദേശങ്ങൾ നൽകിയിട്ടുണ്ട്. അങ്ങനെ എല്ലാതരത്തിലും അത് ഭംഗിയായി നടത്താനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. പെസോ ആക്റ്റ് പ്രകാരം മുഴുവൻ കാര്യങ്ങളും സംസ്ഥാന സർക്കാരിന് മാത്രമായി ഇളവ് ചെയ്യാൻ സാധിക്കുന്നതല്ല. അതിന് കേന്ദ്ര ഗവൺമെന്റിന്റെ സമ്മതം കൂടി ആവശ്യമായിട്ടുണ്ട്. അതിനുള്ള സമ്മർദ്ദം തുടർച്ചയായി നടത്തിക്കൊണ്ടിരിക്കാം. സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പോലീസും ജില്ലാ ഭരണകൂടവുമൊക്കെ ഇതിനകംതന്നെ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മാഫിയ പലതരത്തിൽ പ്രവർത്തിക്കാറുണ്ട്. അതൊന്നും നമ്മുടെ സംസ്ഥാനത്തെയോ സംസ്ഥാന ഗവൺമെന്റിനെയോ

ഇത്തരം കാര്യങ്ങളെയോ ബാധിക്കുന്നതല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, തൃശ്ശൂർ സ്വരാജ് റൗണ്ടിൽ ബാരിക്കേഡുകൾവച്ച് പൂരാസ്വദകരെ തടയുന്ന നടപടികൾ ഒഴിവാക്കിക്കൊണ്ട് രാത്രി എഴുന്നള്ളിപ്പ്, പുലർച്ചെ രണ്ടുമണിക്കുള്ള എഴുന്നള്ളിപ്പ്, തിരുവമ്പാടിയുടെയും പാറമേക്കാവിന്റെയും എഴുന്നള്ളിപ്പുകൾ എന്നിവ നിർദിഷ്ട പന്തലുകളിൽ എത്തിയതിനുശേഷം മാത്രം വെടിക്കെട്ട് ഒരുക്കങ്ങൾക്കായി സ്വരാജ് റൗണ്ടിൽനിന്നും ആളുകളെ നിർദിഷ്ട ദൂരത്തിൽ ഒഴിപ്പിക്കാവൂവെന്ന തീരുമാനം സർക്കാർ എടുത്തിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ നേരത്തെതന്നെ ആവശ്യമായ മുന്നൊരുക്കങ്ങൾ അവിടെ നടക്കുന്നുണ്ട്. അവിടെയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽത്തന്നെ ജില്ലാ ഭരണകൂടവുമായി ചേർന്നുകൊണ്ട് വിപുലമായ തയ്യാറെടുപ്പ് ഇത്തരം കാര്യങ്ങളിൽ നടത്തിയിട്ടുണ്ട്. അത് ആളുകൾക്ക് പരമാവധി സൗകര്യങ്ങളുണ്ടാക്കുകയെന്ന തരത്തിൽ തന്നെയാണ്.

അത് കൃത്യമായി നടക്കുമെന്ന് നമുക്ക് ഉറപ്പാക്കാമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ നാട്ടിലെ പൂരങ്ങളും ക്ഷേത്രോത്സവങ്ങളും മറ്റ് മതപരമായ ആഘോഷങ്ങളും നല്ല രീതിയിൽ നടന്നുകാണണമെന്നാണ് കേരളീയർ എല്ലാവരും ആഗ്രഹിക്കുന്നത്. കഴിഞ്ഞ വർഷത്തെ പൂരത്തിലുണ്ടായ സങ്കീർണ്ണമായ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ ചില അന്വേഷണങ്ങൾ നടത്തിയിരുന്നു. കാരണം, ബോധപൂർവം പൂരം കലക്കിയെന്നുള്ള വലിയ ആരോപണങ്ങളാണ് ഉയർന്നുവന്നത്. ഇതുസംബന്ധിച്ച് ഏതെങ്കിലും പോലീസ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യം വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താൻ ഉത്തരവിടുകയും അതിന്റെ സ്വാഭാവികമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പൂരങ്ങളുടെ പൂരമാണ് തൃശ്ശൂർ പൂരമെങ്കിൽ വേലകളുടെ വേലയാണ് നെന്മാറ-വല്ലങ്ങി വേല. ഏപ്രിൽ 3-ന്

നടക്കുന്ന നെന്മാറ-വല്ലങ്ങി വേല കാണാനായി എല്ലാ സഭാംഗങ്ങളെയും ക്ഷണിക്കുകയാണ്. ആഘോഷങ്ങൾ, ഉത്സവങ്ങൾ, പള്ളിപ്പെരുന്നാളുകൾ, കുമ്മാട്ടികൾ, വേലകൾ, പൂരങ്ങൾ എന്നിവയൊക്കെ നടക്കുമ്പോൾ അതിന്റെ ഭാഗമായി കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്താൻ അല്ലെങ്കിൽ സ്റ്റേജ് പ്രോഗ്രാമും വാദ്യകലാകാരന്മാരുടെ വാദ്യം അവതരിപ്പിക്കാനുമൊക്കെ നിയന്ത്രിതമായ സമയം നിശ്ചയിച്ചിരിക്കുന്നത് രാത്രി 10.00 മണിവരെയാണ്. അതിൽ ഒരു മണിക്കൂറെങ്കിലും കൂടുതലായി വർധിപ്പിക്കാൻ ആവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതൊരു പൊതുവായ പ്രശ്നമാണ്. സാധാരണ രീതിയിൽ ഉച്ചഭാഷണികൾ ഉപയോഗിക്കുന്നതിൽ പൊതുനിയന്ത്രണം വരുന്നത് എല്ലാവരും ആഗ്രഹിക്കുന്ന കാര്യമാണ്. രാത്രി 10.00 മണിക്കുശേഷം സാധാരണ ജനങ്ങൾക്ക് ഉപദ്രവമാകത്തക്ക രീതിയിൽ ഉച്ചഭാഷണികൾ വയ്ക്കാൻപാടില്ലെന്നത് പൊതുവെ എല്ലാവരും താൽപര്യപ്പെടുന്നതാണ്. നമ്മുടെ നാടിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ആ ചരിത്രത്തിന്റെ ഭാഗത്തിൽ ഉൾപ്പെടുന്നതാണ് ഇത്തരം ഉത്സവങ്ങളും

പരിപാടികളും. ആ ഉത്സവങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സ്വാഭാവികമായി ചില പ്രയാസങ്ങളുണ്ടാക്കുന്നുവെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. അത് ആ പ്രദേശത്തിന്റെതന്നെ ഭാഗമായി നിൽക്കുന്നതാണ്. ആ പ്രദേശത്ത് ഉച്ചഭാഷണിയുടെ ശബ്ദം കേൾക്കുന്നതിൽ വലിയ തോതിലുള്ള അലോസരം അതിന്റെ ഭാഗമായി ഉണ്ടാകുകയുമില്ല. കാരണം കാലാകാലങ്ങളായി തലമുറകളായി അനുഭവിച്ചുവരുന്ന ഒരു കാര്യമാണ്. അതിന് തടസ്സമുണ്ടാക്കാത്ത തരത്തിലേക്ക് കാര്യങ്ങൾ മാറ്റണമെന്ന് തന്നെയാണ് കാണുന്നത്.

## അളവുതൂക്കത്തിലെ കൃത്രിമം തടയാൻ നടപടി

4(*454) ശ്രീമതി സി. കെ. ആശ:
ശ്രീ പി. എസ്. സുപാൽ ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. ജി. എസ്. ജയലാൽ):
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃതാൽപര്യം സംരക്ഷിക്കുന്നതിനും അളവുതൂക്കത്തിലെ കൃത്രിമം തടയുന്നതിനും ലീഗൽ മെട്രോളജി വകുപ്പ് ഫലപ്രദമായി ഇടപെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചുവർഷം ലീഗൽ മെട്രോളജി വകുപ്പ് സർക്കാരിലേക്ക് മുതൽക്കൂട്ടിയ റവന്യൂവിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഓട്ടോറിക്ഷാ മീറ്റർ, ത്രാസ്സുകൾ എന്നിവ പരിശോധിച്ച് സീൽ ചെയ്തശേഷവും അവയിൽ കൃത്രിമം കാണിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഇലക്ട്രിസിറ്റി മീറ്റർ, വാട്ടർ മീറ്റർ എന്നിവ അതതുസമയത്ത് വകുപ്പ് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താറുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, (എ) ഉണ്ട്. ലീഗൽ മെട്രോളജി വകുപ്പിൽ താലൂക്കുതലത്തിൽ ഇൻസ്പെക്ടറാഫീസുകൾ, അസിസ്റ്റന്റ് കൺട്രോളർ ഓഫീസുകൾ എന്നിവയും ജില്ലാതലത്തിൽ ഡെപ്യൂട്ടി കൺട്രോളർ ഓഫീസുകളും പ്രവർത്തിക്കുന്നു.

വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തുകയും അളവിലും തൂക്കത്തിലും കുറവ് കണ്ടെത്തുകയോ അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം മുദ്രചെയ്യാതെ ഉപയോഗിക്കുകയോ ഉപകരണങ്ങളിൽ കൃത്രിമം കാണിക്കുകയോ പായ്ക്കറ്റ് ഉൽപന്നങ്ങൾ നിർദിഷ്ട പ്രഖ്യാപനങ്ങളില്ലാതെ വില്പനയ്ക്കായി പ്രദർശിപ്പിക്കുകയോ ചെയ്താൽ കേസ് രജിസ്റ്റർ ചെയ്ത് പിഴ (രാജിഫീസ്) ഈടാക്കുകയോ കോടതി നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നുണ്ട്. വ്യാപാരസ്ഥാപനങ്ങൾ പരിശോധിക്കുന്ന പദ്ധതിയായ 'ജാഗ്രത'യിലുൾപ്പെടുത്തി 2024-ൽ 20636 സ്ഥാപനങ്ങൾ പരിശോധിക്കുകയും 2026 കേസുകൾ കണ്ടെത്തി 59,99,000/- രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്. പെട്രോൾ പമ്പുകൾ പരിശോധിക്കുന്ന 'ക്ഷമത' പദ്ധതിയുടെ ഭാഗമായി 1000 പമ്പുകൾ പരിശോധിക്കുകയും വിവിധ കുറ്റകൃത്യങ്ങൾക്ക് 13 കേസുകൾ കണ്ടെത്തുകയും 73,500/- രൂപ രാജിഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി)

| സാമ്പത്തിക വർഷം | ആകെ റവന്യൂ |
|---|---|
| 2019-2020 | 44,64,24,186 രൂപ |
| 2020-21 | 46,74,53,501 രൂപ |
| 2021-22 | 44,10,57,128 രൂപ |
| 2022-23 | 49,37,27,888 രൂപ |
| 2023-24 | 54,07,72,679 രൂപ |
| 2024-25 ഫെബ്രുവരി 2025 വരെ | 50,73,00,098 രൂപ |
| **ആകെ** | **289,67,35,480/- രൂപ** |

(സി) സീൽ ചെയ്തശേഷം കൃത്രിമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ കൃത്രിമം നടക്കുന്നുണ്ടോയെന്ന് അറിയുന്നതിനായി വ്യാപാരസ്ഥാപനങ്ങളിലും ഓട്ടോറിക്ഷാ മീറ്ററുകളിലും മിന്നൽ പരിശോധന നടത്താറുണ്ട്. സീലിൽ കൃത്രിമം കാണിക്കുന്നത് ഒഴിവാക്കുന്നതിനായി യൂണീക് നമ്പരുള്ള സ്പെഷ്യൽ സീൽ സംവിധാനം സംസ്ഥാനത്ത്

പരീക്ഷണാടിസ്ഥാനത്തിൽ മൂന്ന് താലൂക്കുകളിൽ ഏപ്രിൽ മാസം മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഇലക്ട്രിസിറ്റി മീറ്ററിന്റെ വെരിഫിക്കേഷൻ കേന്ദ്ര സർക്കാർ 2011-ലെ ലീഗൽ മെട്രോളജി ജനറൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടില്ല. എറണാകുളത്ത് പ്രവർത്തിക്കുന്ന സെൻട്രൽ ലാബിലുള്ള വാട്ടർമീറ്റർ ലാബിൽ വാട്ടർമീറ്റർ വെരിഫിക്കേഷനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, അളവുതൂക്ക ഉപകരണങ്ങൾ ലീഗൽ മെട്രോളജി വകുപ്പ് പരിശോധിച്ച് അതിലെ കൃത്യത ഉറപ്പുവരുത്തിയശേഷം സീൽചെയ്ത് വ്യാപാരസ്ഥാപനങ്ങൾക്ക് തിരികെ നൽകിയതിനുശേഷം അവയിൽ കൃത്രിമം നടക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇതുതടയാൻ സർക്കാർ എന്തുനടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, അളവുതൂക്ക ഉപകരണങ്ങളിലെ കൃത്രിമം തടയാനായി വ്യാപാരസ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്താറുണ്ട്. എല്ലാ വർഷവും ത്രാസിന്റെ കൃത്യത ഉറപ്പുവരുത്തി ലെഡ് & വയർ ഉപയോഗിച്ച് മുദ്ര ചെയ്യുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. ലെഡിന്റെ ഭാഗം ചൂടാക്കി

ലൂസാക്കി വയർ ഇളക്കിമാറ്റാനുള്ള സാധ്യത നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഇത് തടയുന്നതിനായി പുതിയ സ്പെഷ്യൽ ടാഗ് ഉപയോഗിച്ചുകൊണ്ടുള്ള സീലിങ് നടപ്പാക്കാനാണുദ്ദേശിക്കുന്നത്. പോളികാർബൺ മെറ്റീരിയൽകൊണ്ട് നിർമ്മിച്ചിരിക്കുന്ന ഈ സ്പെഷ്യൽ സീൽ ഇളക്കിമാറ്റാൻ ശ്രമിച്ചാൽ പൊട്ടിപ്പോകാനിടയുണ്ട്. ഇത് സീൽ tamper ചെയ്യുന്നത് തടയുന്നു. ആദ്യഘട്ടത്തിൽ 3 താലൂക്കുകളിൽ സ്പെഷ്യൽ ടാഗ് ഉപയോഗിച്ചുകൊണ്ടുള്ള സീലിങ് നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീമതി സി. കെ. ആശ: സർ, അളവിലും ഗുണമേന്മയിലും വലിയ തട്ടിപ്പ് നടക്കുന്ന കേന്ദ്രമായ പെട്രോൾ പമ്പുകളിലെ വെട്ടിപ്പ് തടയുന്നതിന് എന്തൊക്കെ നടപടികളാണ് ലീഗൽ മെട്രോളജി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, തെർമോമീറ്റർ കാലിബ്രേഷൻ യൂണിറ്റ്, വാട്ടർ മീറ്റർ കാലിബ്രേഷൻ യൂണിറ്റ്, fluorometer calibration unit എന്നിവ പെട്രോളിയം ഉൽപന്നങ്ങളുടെ പമ്പിങ്ങിൽ കൃത്യത ഉറപ്പുവരുത്തുന്നതിന് പ്രവർത്തനമാരംഭിച്ചത് ഈ സർക്കാരിന്റെ കാലയളവിലാണെന്ന കാര്യം ഞാൻ

ഈ സഭയെ അറിയിക്കുകയാണ്. പെട്രോൾ-ഡീസൽ പമ്പുകളിൽ OTP സംവിധാനത്തിലൂടെയാണ് കാലിബ്രേഷൻ നടത്തുന്നത്. കൃത്യത ഉറപ്പാക്കിയ പമ്പുകൾ ഉദ്യോഗസ്ഥരുടെയും കമ്പനി പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഓയിൽ കമ്പനിയുടെ OTP എന്റർ ചെയ്യുന്നതിനുശേഷമേ സീൽ ചെയ്യാൻ കഴിയൂ. ഇപ്രകാരം സീൽ ചെയ്യുന്ന പമ്പിന്റെ കെ-ഫാക്ടർ, സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തും. വീണ്ടും OTP ലഭിച്ചാൽമാത്രമേ മെഷീനിൽ അളവ് വ്യത്യാസപ്പെടുത്താൻ സാധിക്കൂ എന്നതിനാലും അങ്ങനെ ചെയ്താൽ കെ-ഫാക്ടർ മാറുമെന്നതിനാലും അളവിൽ കൃത്രിമം കാണിച്ചാൽ വളരെവേഗം കണ്ടെത്താൻ കഴിയുന്ന ഒരു സാഹചര്യമുണ്ട്. കൂടാതെ പമ്പിൽ സൂക്ഷിച്ചിട്ടുള്ള അളവുപാത്രമുപയോഗിച്ച് പൊതുജനങ്ങൾക്ക് അളവ് പരിശോധിക്കാവുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, സംസ്ഥാനത്തെ ആശുപത്രികളിലും മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന തെർമോമീറ്ററുകളിലും സിഗ്മോമാനോമീറ്ററുകളിലും ലീഗൽ മെട്രോളജി വകുപ്പ് കൃത്യത

ഉറപ്പുവരുത്താറുണ്ടോ; ഇതിനായി എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ജി. ആർ. അനിൽ: സർ, തെർമോമീറ്ററുകളും സിഗ്മോമാനോമീറ്ററുകളും കാലിബ്രേറ്റ് ചെയ്യുന്നതിനായി എറണാകുളം ലീഗൽ മെട്രോളജി ഭവനിൽ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ ടി ഉപകരണങ്ങളുടെ ആദ്യപരിശോധനയാണ് (original verification) ഇപ്പോൾ നടക്കുന്നത്. പുനഃപരിശോധന (re-verification) നടത്തുന്നതിനായി കൂടുതൽ ലാബ് സൗകര്യങ്ങളും മാൻപവറും ആവശ്യമായി വരും. ഇത്തരം പരിശോധന നടത്തുന്നതിനുള്ള നിയമപരമായ അധികാരം ലീഗൽ മെട്രോളജി വകുപ്പിൽ നിക്ഷിപ്തമാണ്.

ശ്രീ. വി. ശശി: സർ, സംസ്ഥാനത്തെ ഇലക്ട്രിസിറ്റി മീറ്ററുകളും വാട്ടർ മീറ്ററുകളും കാലിബ്രേറ്റ് ചെയ്യുന്നതിനുള്ള നിയമപരമായ അധികാരം ലീഗൽ മെട്രോളജി വകുപ്പിനുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം ചെയ്യാറുണ്ടോ; അളവുതൂക്ക ഉപകരണങ്ങൾ മുദ്രവയ്ക്കാനുള്ള അധികാരം കേന്ദ്ര സർക്കാർ സ്വകാര്യ ഏജൻസികൾക്ക് നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ

ലീഗൽ മെട്രോളജി വകുപ്പിനെ ഇതെങ്ങനെ ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇലക്ട്രിസിറ്റി മീറ്ററിന്റെ വെരിഫിക്കേഷൻ കേന്ദ്ര സർക്കാർ 2011-ലെ ലീഗൽ മെട്രോളജി ജനറൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്തുന്നതിലേക്കായി കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എറണാകുളത്തുള്ള സെൻട്രൽ വാട്ടർ മീറ്റർ കാലിബ്രേഷൻ ലാബിൽ വാട്ടർ മീറ്റർ വെരിഫിക്കേഷനുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. എന്നാൽ പരിശോധന വ്യാപകമാക്കുന്നതിന് കൂടുതൽ ലാബ് സൗകര്യങ്ങളും മാൻപവറും ആവശ്യമാണ്. 2009-ലെ ലീഗൽ മെട്രോളജി ആക്റ്റ് സെക്ഷൻ 24 പ്രകാരം, 'Government approved test centre വഴി ലൈസൻസെടുക്കുന്ന സ്വകാര്യസ്ഥാപനങ്ങൾക്ക് അളവുതൂക്ക ഉപകരണങ്ങൾ വെരിഫിക്കേഷൻ നടത്താനുള്ള അധികാരം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. വാഴൂർ സോമൻ: സർ, സ്വർണ്ണമുൾപ്പെടെയുള്ള ലോഹങ്ങളുടെ purity നിർണ്ണയിക്കാനുള്ള അധികാരവും അതിനുള്ള സംവിധാനവും ലീഗൽ മെട്രോളജി വകുപ്പിനുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ശ്രീ. ജി. ആർ. അനിൽ: സർ, സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കാനായി സെൻട്രൽ ലാബിൽ 'Gold Assessing & Testing Laboratory' സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഉപഭോക്താക്കൾ ഹാജരാക്കുന്നതോ കോടതി നിർദേശിക്കുന്നതോ ആയ സ്വർണ്ണത്തിന്റെ ശുദ്ധത പരിശോധിച്ച് നൽകുന്നുണ്ട്. പ്രസ്തുത ലാബിന് 'National Accreditation Board For Laboratories Accreditation' ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്വർണ്ണമൊഴികെയുള്ള ലോഹങ്ങളുടെ ശുദ്ധത പരിശോധിക്കുന്നതിനുള്ള നടപടിക്രമങ്ങൾ 2011-ലെ ലീഗൽ മെട്രോളജി റൂൾസിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ സ്വർണ്ണമൊഴികെയുള്ള ലോഹങ്ങളുടെ ശുദ്ധത പരിശോധിക്കുന്നതിന് വകുപ്പിന് നിലവിൽ അധികാരമില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഓരോ വർഷവും ശരാശരി 50 കോടിയിലധികം രൂപ സർക്കാരിന് വരുമാനമുണ്ടാക്കിക്കൊടുക്കുന്ന ഒരു വകുപ്പാണ് ലീഗൽ മെട്രോളജി വകുപ്പ്. എന്നാൽ വാഹനങ്ങളുടെ അപര്യാപ്തതമൂലം പരിശോധനകൾ കുറയുകയാണ്. ഇതുമൂലം ക്രമക്കേടുകൾ പൂർണ്ണമായും പിടിക്കുന്നതിനോ അതുവഴിയുള്ള സർക്കാരിന്റെ വരുമാനം നഷ്ടപ്പെടുന്നത് തടയാനോ കഴിയുന്നില്ല. ലീഗൽ മെട്രോളജി വകുപ്പിൽ വാഹനങ്ങളുടെ അപര്യാപ്തതമൂലം പരിശോധനകൾ കുറഞ്ഞിട്ടുണ്ടോ; ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ലീഗൽ മെട്രോളജി വകുപ്പിൽ 45 വാഹനങ്ങളാണ് ഉണ്ടായിരുന്നത്. ഇതിൽ 8 വാഹനങ്ങൾ 2024-ൽ 15 വർഷം പൂർത്തിയാക്കിയതിനാൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. നിലവിൽ പരിശോധനയ്ക്കായി ഉപയോഗിക്കുന്ന 37 വാഹനങ്ങളിൽ 6 വാഹനങ്ങൾ ഈ വർഷം ഡിസംബറിൽ 15 വർഷം പൂർത്തിയാക്കുകയാണ്. വകുപ്പിൽ നിലവിൽ 83 ഇൻസ്പെക്ടർ ഓഫീസുകളും 18 അസിസ്റ്റന്റ് കൺട്രോളർ

ഓഫീസുകളും 30 ഡെപ്യൂട്ടി കൺട്രോളർ ഓഫീസുകളും പ്രവർത്തിക്കുന്നു. ഈ ഓഫീസുകൾ പരിശോധനകൾ നടത്തുന്നത് നിലവിലുള്ള വാഹനങ്ങൾ കൈമാറി ഉപയോഗിച്ചായതിനാൽ ഇത് വകുപ്പിന്റെ പരിശോധനകളിലെ കാര്യക്ഷമത കുറയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനായി കൂടുതൽ വാഹനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഈ പ്രയാസങ്ങളെല്ലാമുണ്ടെങ്കിലും പരിശോധന നല്ലനിലയിൽ നടക്കുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2019-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ നിയമത്തിൽ അനുശാസിക്കുന്നതനുസരിച്ച് ഉപഭോക്താക്കൾക്ക് അവരുടെ അവകാശങ്ങൾ പൂർണ്ണമായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, നടപടി സ്വീകരിക്കുന്നതിന്റെ ഓരോ ഭാഗവുമാണ് ഇവിടെ പറഞ്ഞ മറുപടികൾ. അതിന്റെ ഭാഗമായി കൃത്യമായി നടപടി സ്വീകരിച്ചുവരുന്നു.

## ഡി-ഡാഡ് സെന്ററുകൾ

5(*455) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം പുതുതലമുറയിൽ സൃഷ്ടിച്ചിട്ടുള്ള പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുട്ടികളിലെ ഡിജിറ്റൽ ആസക്തി ഒഴിവാക്കുന്നതിനും സുരക്ഷിത ഇന്റർനെറ്റ് ഉപയോഗം പഠിപ്പിക്കുന്നതിനും സംസ്ഥാനത്ത് പോലീസ് നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഡിജിറ്റൽ ഡി-അഡിക്ഷൻ (ഡി-ഡാഡ്) സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട്; പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ഇ) എന്തെല്ലാം സൗകര്യങ്ങളാണ് ഡി-ഡാഡ് സെന്ററുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്നും അറിയിക്കാമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം മേശപ്പുറത്ത് വയ്ക്കുകയാണെങ്കിൽ ചോദ്യങ്ങൾ ചോദിക്കാമായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഉത്തരം മേശപ്പുറത്ത് വയ്ക്കാൻ കഴിയില്ല. കാരണം ഇത് നാട് അറിയേണ്ട കാര്യമാണ്. ധാരാളം ആളുകൾ നമ്മുടെ ചോദ്യോത്തരസമയം വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ടാകും. ഉത്തരമായി പറഞ്ഞില്ലെങ്കിൽ ഇക്കാര്യങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടില്ല. സമയത്തിനുള്ളിൽ ഉത്തരം പൂർണ്ണമാകുമോ എന്നറിയില്ല, പക്ഷെ കഴിയാവുന്നത്ര പറയാനാണ് ഞാൻ ശ്രമിക്കുന്നത്.

(എ) ഉണ്ട്. ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗം കുട്ടികളിലുണ്ടാക്കുന്ന പ്രധാന പ്രത്യാഘാതങ്ങൾ ചുവടെപ്പറയുന്നു.

1. പെരുമാറ്റ പ്രശ്നങ്ങൾ (Behavioral Problems)

2. ഡിജിറ്റൽ അടിമത്തം (Digital Addiction)

3. മാനസിക പ്രശ്നങ്ങൾ (Psychological Issues)

4. ഉറക്ക പ്രശ്നങ്ങൾ (Sleep Disturbances)

5. കുറവ് പഠനക്ഷമത (Learning Difficulties)

6. നിയമപരവും ധാർമ്മികവുമായ പ്രശ്നങ്ങൾ (Legal & Ethical Issues)

**ഡി-ഡാഡ് മുഖേന നടത്തുന്ന പരിഹാരമാർഗങ്ങൾ**

ഡി-ഡാഡ് സെന്ററുകൾ വഴി മാനസികാരോഗ്യ വിദ്യാഭ്യാസം ഡിജിറ്റൽ അഡിക്ഷനായവർക്ക് ആവശ്യമായ കൗൺസിലിങ് (Individual & Group), സൈബർ സാക്ഷരതാ ക്ലാസ്സുകൾ, നിയമ സഹായങ്ങൾ എന്നിവ നൽകിവരുന്നുണ്ട്. മാതാപിതാക്കൾക്കും അധ്യാപകർക്കുമായി ഡിജിറ്റൽ ഉപകരണങ്ങളിൽനിന്നും ഇടവേളയെടുക്കുന്നതിനുള്ള മാർഗങ്ങൾ പരിചയപ്പെടുത്തുകയും ഇത്തരം ഉപകരണങ്ങളെ ദുരുപയോഗം ചെയ്യാതിരിക്കാൻ Parental Control രീതികളെക്കുറിച്ചുള്ള അവബോധവും ശരിയായ ഡിജിറ്റൽ ഉപയോഗസമയം ക്രമീകരിക്കേണ്ട ആവശ്യകതയെ സംബന്ധിച്ചുള്ള ബോധവൽക്കരണവും ഡി-ഡാഡ് വഴി നൽകിവരുന്നു.

(ബി&സി) മൊബൈൽ ഫോൺ, ഇന്റർനെറ്റ് അമിത ഉപയോഗംമൂലം കുട്ടികളിലെ ഡിജിറ്റൽ അഡിക്ഷൻ കണ്ടെത്തി പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് അതത് ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ആറ് നഗരങ്ങളിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ (D-DAD) ആരംഭിച്ചിട്ടുണ്ട്.

കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങൾ, വൈകാരികവും വ്യക്തിപരവുമായ പ്രശ്നങ്ങൾ, പഠനപ്രശ്നങ്ങൾ, ശാരീരികമായ വെല്ലുവിളികൾ എന്നിവയെക്കുറിച്ചുള്ള വിവരം നൽകാനും പരാതികൾ അറിയിക്കാനും കേരള പോലീസിന്റെ 'ചിരി ഹെൽപ് ലൈൻ' (9497900200) 24X7 പ്രവർത്തിച്ചുവരുന്നു.

കുട്ടികളിലെ മൊബൈൽ അഡിക്ഷൻ ലെവൽ മനസ്സിലാക്കി അതിനനുസരിച്ച് മൊബൈൽ ഫോണിന്റെ/ഇന്റർനെറ്റിന്റെ അമിത ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളിൽനിന്നും കുട്ടികളെ രക്ഷിക്കുന്നതിനാവശ്യമായ കൗൺസിലിങ് നൽകുന്നതിനും ഇവ നിയന്ത്രിക്കുന്നതിനാവശ്യമായ

മാർഗനിർദേശങ്ങൾ നൽകുന്നതിനും ഈ മേഖലയിലെ മനഃശാസ്ത്രവിദഗ്ധർ ഉൾപ്പെടെയുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു.

മൊബൈൽ ഫോൺ പോലുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതമായ ഉപയോഗം തടയുന്നതിനും ഡിജിറ്റൽ അഡിക്ഷൻ സ്വയം വിലയിരുത്താനും ആവശ്യമായ തിരുത്തൽനടപടികൾ സ്വീകരിക്കാനും സഹായിക്കുന്ന വെൽനെസ്സ് ആക്ടിവിറ്റി ആപ്പുകളെക്കുറിച്ചുള്ള അവബോധം, അഡിക്ഷന്റെ തോത് മനസ്സിലാക്കുന്നതിനായി സ്മാർട്ട് ഫോൺ അഡിക്ഷൻ ടെസ്റ്റ്, ഇന്റർനെറ്റ് അഡിക്ഷൻ ടെസ്റ്റ് തുടങ്ങിയ കാര്യങ്ങളും ഡി-ഡാഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന പോലീസിന്റെ നേതൃത്വത്തിൽ കുട്ടികളിൽ ഡിജിറ്റൽ ആസക്തി നിയന്ത്രിക്കാനും സുരക്ഷിത ഇന്റർനെറ്റ് ഉപയോഗം പ്രോത്സാഹിപ്പിക്കാനുമായി ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.

**<u>ഡിജിറ്റൽ ഡി ടോക്സ് അവയർനസ്സ് പ്രോഗ്രാംസ്</u>**

സ്കൂളുകളിലും കോളേജുകളിലും ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകളുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

**സൈബർ അവയർനസ്സ് കാമ്പയിൻസ്**

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി കുട്ടികൾക്കും രക്ഷിതാക്കൾക്കും സുരക്ഷിതമായ ഇന്റർനെറ്റ് ഉപഭോഗം സംബന്ധിച്ച പരിശീലനങ്ങൾ.

**പേരന്റിങ് വർക്ക് ഷോപ്പ്**

രക്ഷിതാക്കൾക്ക് അവരുടെ കുട്ടികളിൽ ഡിജിറ്റൽ ആസക്തി തിരിച്ചറിയാനും അതിനുള്ള പ്രാധാന്യപരമായ ഇടപെടലുകൾ നിർവഹിക്കാനുമായി പ്രത്യേക പരിശീലനം.

**കൗൺസിലിങ് ആൻഡ് തെറാപ്പി സർവീസസ്**

ഡിജിറ്റൽ ആസക്തിയുള്ള കുട്ടികൾക്ക് കൗൺസിലിങ്, മനഃശാസ്ത്രചികിത്സ എന്നിവയിലൂടെ വ്യക്തിഗതസഹായം നൽകുന്നു. കൂടാതെ ഡിജിറ്റൽ ആസക്തിയിൽനിന്നും യുവതലമുറയെ

മോചിപ്പിക്കുന്നതിനായി വിവിധയിടങ്ങളിൽ എക്സിബിഷൻ സ്റ്റാളുകൾ സംഘടിപ്പിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

(ഡി) നിലവിൽ 6 ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ (തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി & കണ്ണൂർ സിറ്റി) എന്നിവിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. D-DAD സെന്ററുകൾ ആരംഭിച്ചതിനുശേഷം ഡിജിറ്റൽ ആസക്തിയുള്ള കുട്ടികളും യുവാക്കളും കൗൺസിലിങിനായി മുന്നോട്ടുവന്നിട്ടുണ്ട്. സൈക്കോളജിസ്റ്റുകൾ, കോ-ഓർഡിനേറ്റർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ കൗൺസിലിങ്, ബോധവൽക്കരണം, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കപ്പെടുന്നു. രക്ഷിതാക്കൾക്കും അധ്യാപകർക്കും ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗത്തിന്റെ ദോഷഫലങ്ങളെക്കുറിച്ചും സൈബർ സുരക്ഷയെക്കുറിച്ചും ബോധവൽക്കരണം നടത്തിവരുന്നു.

(ഇ) സംസ്ഥാനത്തെ ഡി-ഡാഡ് സെന്ററുകളിൽ നൽകിയിട്ടുള്ള സൗകര്യങ്ങൾ ചുവടെചേർക്കുന്നു.

**കൗൺസിലിങ് യൂണിറ്റുകൾ**

വ്യക്തിഗത, കുടുംബ കൗൺസിലിങിനുള്ള സൗകര്യം.

**സൈക്കോളജിക്കൽ ഇന്റർവെൻഷൻ**

ഡിജിറ്റൽ ആസക്തി നിയന്ത്രിക്കാൻ വിവിധ ചികിത്സാപദ്ധതികൾ.

**വ്യത്യസ്തതയാർന്ന പ്രവർത്തനശീലം**

കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങളോട് ആശ്രിതത്വം കുറയ്ക്കുന്നതിനായി കാലോചിതമായ പ്രോഗ്രാമുകൾ.

**റിസോഴ്സ് സെന്ററുകൾ**

ബോധവൽക്കരണത്തിനും പഠനത്തിനുമായി തയ്യാറാക്കിയ വെർച്വൽ റിസോഴ്സ് സെന്ററുകൾ.

**പ്രത്യേക പരിശീലന പരിപാടികൾ**

രക്ഷിതാക്കൾക്കും അധ്യാപകർക്കുമുള്ള മാർഗനിർദേശങ്ങൾ.

**പദ്ധതി നടപ്പാക്കുന്നതിന് സഹകരിക്കുന്ന പ്രധാന ഏജൻസികൾ**

കേരള പോലീസ് വകുപ്പ്

ആരോഗ്യ വകുപ്പ്

വിദ്യാഭ്യാസ വകുപ്പ്

മാനസികാരോഗ്യ സ്ഥാപനങ്ങൾ

സന്നദ്ധ സംഘടനകൾ

സൈബർ സെൽ.

(ചോദ്യോത്തരസമയം കഴിഞ്ഞു.)